

principal എന്ന സംബോധന ചെയ്ത് ഒരു ശുപാർശ കത്ത് എഴുതി തന്നു. ഞാൻ ആ കത്തുമായി മുബൈയിലെ മിറാജ് മെഡിക്കൽ സെന്ററിൽ പോയി. എനിക്ക് കൂട്ടിന് തിരുമേനിയുടെ സഹോദരൻ കെ.ടി സക്കറിയേയും (വല്ല്യച്ചായൻ) വന്നു. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ കണ്ട് ഞങ്ങൾ ശുപാർശ കത്ത് കൊടുത്തു. തിരുമേനിയുടെ കത്ത് വായിച്ചു പ്രിൻസിപ്പൽ സന്തോഷപൂർവ്വം എനിക്ക് M.B.B.S ന് അഡ്മിഷൻ നൽകി. അങ്ങനെയാണ് ഞാൻ ഒരു ഡോക്ടർ ആയത്. അതിനിടയിലാണ് അദ്ദേഹം ആകസ്മികമായി അന്തരിച്ചത്. ലളിതജീവിത പ്രേമിയായ അദ്ദേഹം സാധാരണ തുണി കൊണ്ടുള്ള ചുവന്ന കുപ്പായമായിരുന്നു ധരിച്ചിരുന്നത്. മെട്രോപ്പോലീത്തൻ ഹൈസ്കൂൾ പണിയുന്ന സമയത്ത് സൈഡ്റൂമിലാണ് അന്തിഉറങ്ങിയിരുന്നത്. ജോലിക്കാരെ സഹായിക്കുന്നതിൽ തല്പരനായിരുന്നു. ഒരിക്കൽ ബഥേലിലെ കെട്ടിടത്തിന്റെ ഓട് ഇടുമ്പോൾ കുപ്പായത്തിന്റെ കൈ ചുരുട്ടിവച്ചു അവരെ സഹായിക്കുന്നത് ഞാൻ നേരിൽ കണ്ടിട്ടുണ്ട്.

മാക്കാംകുന്നിലേക്ക് മിക്കവാറും ബസിലായിരുന്നു യാത്ര. ഒരാൾ തിരുമേനിയോട് ഇതു നമുക്ക് കുറച്ചിലാണല്ലോ എന്നു പറഞ്ഞപ്പോൾ, മശിഹാ തമ്പുരാൻ കഴുതപ്പുറത്തായിരുന്നു യാത്ര ചെയ്തിരുന്നതെന്നും അതു കൊണ്ട് ഞാൻ ബസിൽ പോകുന്നത് കുറച്ചിലൊന്നും അല്ലെന്നും മറുപടി പറഞ്ഞു. അതു പോലെ നിശ്ചിത വരുമാനം ഇല്ലാത്തവർക്ക് കാർ മെയിന്റയിൻ ചെയ്യാൻ ഒക്കുകയില്ലെന്നും പറഞ്ഞു. അദ്ദേഹം ഒരിക്കൽ പറഞ്ഞു. Our motto should be low living and high thinking എന്റെ പിതാവ് പൂപ്പള്ളിൽ കുഞ്ഞുമായി തിരുമേനിക്കും, പിതാവ് കിഴക്കേത്തലയ്ക്കൽ വല്യച്ചനും കുടുംബാംഗങ്ങൾക്കും വലിയ സ്നേഹബന്ധമായിരുന്നതിനാൽ ഇടയ്ക്കു തിരുമേനി വീട്ടിൽ വരികയും ഭക്ഷണം കഴിക്കുകയും സഭാകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ വന്നപ്പോൾ മാക്കാംകുന്ന് കണ്ടിട്ടുണ്ടോയെന്ന് എന്നോട് ചോദിച്ചു. ഇല്ലെന്നു പറഞ്ഞപ്പോൾ കാറിൽ കയറിക്കോ ഞാൻ അങ്ങോട്ട് പോകുകയാണയെന്ന് പറഞ്ഞു. പക്ഷേ ഇടയ്ക്ക് കോയിപുറത്ത് ഒരു ശവസംസ്ക്കാരം നടത്താനുണ്ടെന്നും അതു കഴിഞ്ഞ് പോകാമെന്നും പറഞ്ഞു. അപ്പോൾ ഞാൻ എനിക്കവിടെ ആരെയും പരിചയമില്ലല്ലോ എന്ന് പറഞ്ഞപ്പോൾ സൗകര്യം കിട്ടുമ്പോഴൊക്കെ മരണ വീടുകളിൽ പോകണമെന്നും അതിന് ബന്ധവും പരിചയവും വേണ്ടായെന്ന് മറുപടി തന്നു. ശവമടക്കും കഴിഞ്ഞ് ഞങ്ങൾ മാക്കാംക്കുന്നിൽ ചെന്നപ്പോൾ എന്നെ ബേയ്സിൽ ദയറായും കാതോലിക്കേറ്റ് ഹൈസ്കൂളും മറ്റും കൊണ്ടു നടന്നു കാണിച്ചു.അദ്ദേഹമാണല്ലോ കാതോലിക്കേറ്റ് കോളേജിന്റെയും കാരണഭൂതൻ.

ആതുര സേവനത്തിലുള്ള താൽപര്യം മൂലമാണ് പുത്തൻകാവിലെ സെന്റ് ആൻഡ്രൂസ് ഹോസ്പിറ്റൽ തിരുമേനി സ്ഥാപിച്ചത്. ഈ പ്രസ്ഥാനങ്ങളൊക്കെ സാമ്പത്തിക പ്രയാസങ്ങളുടെ നടുവിൽ എങ്ങനെ പൂർത്തീകരിക്കുമെന്ന് ഒരാൾ ചോദിച്ചപ്പോൾ ഉദ്ദേശ്യശുദ്ധിയും ദൈവാശ്രയവും ഉണ്ടെങ്കിൽ ഏതു കാര്യവും നടക്കുമെന്ന് മറുപടി പറഞ്ഞു.

ചിലപ്പോൾ ജോലിക്കാർക്ക് പണം നൽകാനില്ലാതെ നാളെ ത്തരാം എന്നുപറയുന്ന സന്ദർഭങ്ങളിൽ നല്ല പാതിരായ്ക്ക് എന്റെ അപ്പന്റെ കല്ലറയ്ക്കൽ പോയി പ്രാർഥിക്കുമ്പോൾ പിറ്റേദിവസം അത്ഭുതകരമായി പണം എവിടെനിന്നെങ്കിലും വന്നു ചേരുമെന്ന് എന്റെ പിതാവിനോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. മലങ്കരസഭയിൽ അങ്ങോളം ഇങ്ങോളം കൺവൻഷൻ പ്രസംഗങ്ങളിലൂടെ സഭാമക്കളെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിന് വളരെ പ്രയ്നിച്ചിരുന്നു. രസകരമായ ഉപമകളിലൂടെ ആ യിരുന്നു പലകാര്യങ്ങളും സമർത്ഥിച്ചിരുന്നത് പുത്തൻകാവിലെ ഒരു കൺവൻഷൻ പ്രസംഗത്തിൽ മാത്തന്റെ പ്രാർത്ഥനയെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. മാത്തൻ ഒരു മദ്യപനായിരുന്നെങ്കിലും പ്രാർത്ഥിക്കണമെന്ന് നിർബന്ധമുണ്ട്. മദ്യലഹരിയിൽ വീട്ടിൽ വന്നതിനു ശേഷം രാത്രിയിൽ കർത്താവേ മാത്തനിതാ മലക്കുന്നു എന്ന് പറഞ്ഞിട്ട് ഉറങ്ങാൻ കിടക്കും. നമ്മുടെ പ്രാർത്ഥന അതു പോലെയാകാതെ ദൈവസാന്നിദ്ധ്യബോധത്തോടുകൂടി സമയമെടുത്തു പ്രാർത്ഥിക്കണമെന്നായിരുന്നു സമർത്ഥിച്ചത്.മറ്റൊരവസരത്തിൽ പുത്തൻകാവിലെ കൺവൻഷൻ പ്രസംഗത്തിനിടെ ഒരാൾ ഇരുന്ന് ഉറങ്ങുന്നത് കണ്ടപ്പോൾ ആ തൂണേൽ ചാരിയിരുന്ന് ഉറങ്ങുന്ന ആളിനോട് കൂടിയാണ് ഞാൻ പറയുന്നത് എന്ന് അറിയിച്ചു. അപ്പോൾ മയങ്ങിയിരുന്ന എല്ലാവർക്കും ഉണർവുണ്ടായി. പ്രസംഗം തുടങ്ങുമ്പോഴും ഇടയ്ക്കും പ്രധാനദൂതൻ കുഴലൂതിയിടുമ്പോൾ, മോചനമതിനായി പാപികളെ വരുവീൻ യാചിപ്പിൻ, മുട്ടുന്നോർക്ക് തുറന്നീടുമേ നാഥൻ തൻ വാതിൽ മുതലായ ആത്മീയ ഗീതങ്ങൾ മധുരമായി പാടുകപതിവായിരുന്നു. പുത്തൻകാവ് പള്ളിയിൽ വരുമ്പോൾ ഞാനും വിശുദ്ധ കുർബ്ബാനയ്ക്ക് കൂടുമായിരുന്നു. ഒരു പ്രത്യേക അനുഭൂതിയായിരുന്നു അത്. അദ്ദേഹത്തിന്റെ സ്വരമാധുര്യം എല്ലാവരും ആസ്വദിച്ചിരുന്നു. ഓർത്തഡോക്സ് സഭയുടെ ഗാനകോകിലം. വിശുദ്ധ കുർബ്ബാന കഴിഞ്ഞ് കൈമുത്തിന്റെ സമയത്ത് കരുണക്കടലേ ഞാൻ നോക്കും, ദേവാതനയ എൻ പാപം പെരുകിപിഴകൾ വർദ്ധിച്ചയോ എന്ന ഗീതം പാടാനായിരുന്നു കൂടുതൽ താൽപര്യം തിരുമേനി നല്ല അദ്ധ്യാപകൻ കൂടിയായിരുന്നു. ശെമ്മാശനായിരുന്നപ്പോൾ കോട്ടയത്ത് എം. ഡി. ഹൈസ്കൂളിൽ പഠിപ്പിച്ചിരുന്നു. ഞാൻ പുത്തൻകാവ് മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ തിരുമേനി മാനേജർ ആയിരുന്നു. ചിലപ്പോൾ അവിടെ ക്ലാസിൽ വന്ന് ചോദ്യങ്ങൾ ചോദിക്കുകയും ശരിയായ ഉത്തരങ്ങൾ പറഞ്ഞു തരികയും ചെയ്തിരുന്നു. ഞാൻ കോളേജിൽ പഠിക്കുന്ന കാലം. അന്നവധിക്കു വരുമ്പോൾ തിരുമേനിയെ ചെന്നു കാണണമെന്നു നിർബന്ധമായിരുന്നു. തദവസരത്തിൽ പല നല്ല പുസ്തകങ്ങൾ വായിക്കുവാൻ തരുമായിരുന്നു. ഒരിക്കൽ ഒരു പുസ്തകത്തിൽ നിന്ന് താഴെക്കൊടുത്തിരിക്കുന്ന ഒരു വാചകം എന്നെ കാണാതെ പഠിപ്പിച്ചിട്ടാണ് വിട്ടത്. Self knowledge, Self Control and Self respect, these three alone can lead a man to sovereign power, വേറൊരു അവസരത്തിൽ തീവണ്ടി യാത്രയ്ക്ക് പോകുമ്പോൾ ആരോ തിരുമേനിക്കു കൊടുത്ത ഒരു cooling glass എനിക്കു തന്നു.

ആലപ്പുഴ ഇടവകക്കാർ ഒരു കഷ്ടാനുഭവ ആഴ്ച ശുശ്രൂഷ നടത്തുന്നതിന് തിരുമേനിയെ ക്ഷണിച്ചു. പുത്തൻകാവിൽ നിന്ന് കാറിൽ തിരുമേനിയോടുകൂടി എന്റെ ഒരു ബന്ധുവായ കയ്യാലക്കകത്ത് കെ. എം. ജോർജും ഞാനും പോയി. തിരുമേനി പള്ളിയിലും, ഞാൻ അപ്പച്ചന്റെ ജ്യേഷ്ഠ സഹോദരൻ പൂപ്പള്ളി കുട്ടിയച്ചന്റെ വീട്ടിലും താമസിച്ചു.


മിക്കവാറും ദിവസങ്ങളിലും വൈകിട്ട് അദ്ദേഹത്തെ കുതിര വണ്ടിയിൽ കടപ്പുറത്തേക്ക് കുറച്ചു വിശ്രമത്തിനുവേണ്ടി കൊണ്ടുപോകും ഞാനും കൂടെ കാണും.

ഒരു ദിവസം വൈകിട്ട് വികാരി ആയിരുന്ന കൊറ്റാത്തുവിള തോമസ് അച്ചൻ തിരുമേനിയുടെ കാപ്പ നോക്കിയപ്പോൾ വളരെ പഴക്കം ചെന്നതാണെന്നു കണ്ടു. അദ്ദേഹം അറിയാതെ ഒരാളിനെ അയച്ച് പാമ്പാടി തിരുമേനിയുടെ ഒരു നല്ല കാപ്പ വരുത്തി. മനസ്സില്ലാമനസ്സോടെ അത് വിശുദ്ധ കുർബ്ബാനയ്ക്ക് ആയി ഉപയോഗിച്ചു. പോരാൻ നേരം ആലപ്പുഴ ഇടവകക്കാർ ഒരു നല്ല കാപ്പ സമ്മാനിച്ചു.

*സൗകര്യം കിട്ടുമ്പോഴൊക്കെ മരണ വീടുകളിൽ പോകണമെന്നും അതിന് ബന്ധവും പരിചയവും വേണ്ടായെന്ന് മറു പടി തന്നു.*

കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകർ കഴിഞ്ഞ് തിരുമേനിയെ അവർ കുട്ടിയച്ചന്റെ മോട്ടോർബോട്ടിലാണ് തിരിച്ച് അയച്ചത്. ഒപ്പം എന്റെ പിതാവും ഞാനും ഉണ്ടായിരുന്നു. ആറ്റിൽ ഒഴുക്കുണ്ടായതിനാൽ ബോട്ടിനു വേഗത്തിൽ പോകാനായില്ല. തന്മൂലം വളരെ വൈകി രാത്രിയാവുകയും ചെയ്തു. കല്ലിശ്ശേരി ഇറപ്പുഴക്കടവിന് കുറെ താഴെവച്ച് ബോട്ട് നിന്നുപോയി. തുടർന്ന് ജോലിക്കാർ കഴുകോൽ കൊണ്ട് ഊന്നി വളരെ ബുദ്ധിമുട്ടി ഇറപ്പുഴക്കടവിൽ എത്തി. പാതിര കഴിഞ്ഞിട്ടുണ്ട്. വാഹനങ്ങൾ ഒന്നും കിട്ടാതെ തിരുമേനിയും ഞങ്ങളും നടന്ന് ബഥേലിൽ ചെന്നു. അന്നു രാത്രി അവിടെ താമസിച്ചു.

ആ മാതൃകാജീവിതം നമുക്കെന്നും പ്രചോദനവും വഴികാട്ടിയുമായിരിക്കട്ടെ. ആ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



Through Dr Isaac

The Most Reverend
MAR PHILOXENOS, M. A., B. D.

Chengannur
26-5-48

Dear Principal,

This is to recommend P.V. Koshy for admission in your medical college. He has appeared for the B.Sc. course, at Tambaram. He is very excellent in character & belongs to an ancient & respectable Syrian Xrian family personally known to me. He is a member of the Malankara Orthodox Church of which I am a metropolitan. May I request that the bearer be granted admission!

Yours faithfully,
Mar Philoxenos

**എം.ബി.ബി.എസ് അഡ്മിഷന് പി.വി.കോശിക്ക് പുത്തൻകാവിൽ കൊച്ചുതിരുമേനി നൽകിയ ശിപാർശ കത്ത്**

# കുന്നംകുളത്തിന്റെ ഹൃദയം കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

കെ. വി ചാക്കോ, എം. എ

മലങ്കര സുറിയാനിസഭയിൽ നിന്നും എം. എ പാസ്സായ ആദ്യത്തെ വൈദികൻ ഫാദർ. പി.റ്റി ഗീവറുഗീസ് (തിരുവനന്തപുരം ആർച്ച് ബിഷപ്പ്) സെറാപൂർ കോളേജിൽ പ്രഫസറായി ഇരിക്കുന്നകാലം മലങ്കരസഭയിൽ അന്ത:ഛിദ്രങ്ങൾ തല പൊങ്ങിത്തുടങ്ങി കഴിഞ്ഞിരുന്നു. വട്ടശേരി തിരുമേനിയുടെ വിശ്വസ്ത ശിഷ്യനായ പണിക്കർ കത്തനാർ തിരുമേനിയുടെ ആശയങ്ങളും ആശകളേയും സഫലീകരിക്കാൻ സദാ ഉൽസുകനായിരുന്നു. അതിനാൽ കൽക്കട്ട സെറാപൂർ കോളേജിൽ പലരെയും അദ്ദേഹം വിദ്യാഭ്യാസം ചെയ്യിച്ചുകൊണ്ടിരുന്നു.

1915-ൽ ഫാ. പി. റ്റി ഗീവർഗീസിനോടുകൂടെ ഒരു ശെമ്മാശ്ശനും സെറാപൂറിൽ എത്തി. ഇന്നത്തെ റീത്ത് മെത്രാൻ മാർ തെയോഫിലോസ് ആയിരുന്നു ആ ശെമ്മാശൻ. മുക്കഞ്ചേരി പത്രോസ് ശെമ്മാശൻ, വാഴക്കുഴി യൗസേപ്പ് ശെമ്മാശൻ ഇങ്ങനെ ഒരു സംഘം ശെമ്മാശൻമാർ പുറമേ പോയി പഠിക്കുകയാണ്. അവരിൽ ഏറ്റവും ചെറുപ്പമായ കെ. റ്റി. ഗീവർഗ്ഗീസ് ശെമ്മാശ്ശൻ കോളേജിൽ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. പ്രഫസർമാരിൽ നിന്ന് ഉണ്ടായ അഭിപ്രായങ്ങൾ സഭയ്ക്ക് തന്നെ ഒരഭിമാനമായിരുന്നു. ഒരു നല്ല ഫുട്ബോൾ കളിക്കാരനുമായിരുന്നു. ബി.ഡി. പരീക്ഷ പാസ്സായി സ്വദേശത്ത് എത്തിയ ശെമ്മാശൻ അഞ്ചാറു കൊല്ലം കഴിഞ്ഞു വീണ്ടും കൽക്കട്ടയ്ക്ക് തന്നെ പോയി ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ പരീക്ഷയ്ക്ക് ചേരാനായിരുന്നു ആപോക്ക് .അദ്ദേഹത്തിന്റെ വലിയ ഒരു കഴിവാണ് എന്ത് വായിച്ചാലും തക്കസമയത്ത് അതങ്ങനെത്തന്നെ ആവർത്തിക്കാനുള്ള പാടവം. അതിനാൽ അന്ന് കോളേജിൽ പലരും എം. എ മൂന്നാം ക്ലാസ്സിൽ പാസ്സായപ്പോൾ കെ.റ്റി. ഗീവർഗീസ് ശെമ്മാശൻ രണ്ടാം ക്ലാസിൽ പാസ്സായി. ഇത് 1927-ൽ ആണ്. എം. എ ഡിഗ്രിയെടുത്ത് രണ്ടു കൊല്ലം കഴിഞ്ഞകാലത്താണ് പഴഞ്ഞിയിലെ കൺവെൻഷൻ പ്രസംഗികനായി ഈ ശെമ്മാശ്ശൻ മലങ്കരസഭയുടെ വടക്കേഭാഗം ആദ്യം കണ്ടത്. അതും പരിശുദ്ധ പിതാവായ കതോലിക്കബാവാതിരുമേനിയുടെ പരിവാരത്തിലെ ഒരു പ്രമുഖാംഗമായിട്ടും.

പുത്തൻകാവിൽ കിഴക്കേതലക്കൽ തോമസ് കത്തനാരുടെ രണ്ടാമത്തെ പുത്രനാണ് ഈ ശെമ്മാശ്ശൻ. വളരെയധികം പട്ടക്കാരെ സമുദായ സേവനാർത്ഥം നേർച്ച വെച്ച ഈ കുടുംബത്തിന് ഒരു കൊച്ചു ശെമ്മാശൻ എം. എ ബി. ഡി. ബിരുദധാരിയാക്കാനുള്ള ധനവ്യയം ചെയ്യുവാനുള്ള ശക്തിയുണ്ടായിരുന്നില്ല എങ്കിലും അതും ഈശ്വരാനുഗ്രഹം കൊണ്ട് സാധിച്ചത് പൂർവ്വികന്മാരിൽ നിന്നും വ്യത്യസ്തമായ ഒരുദ്ദേശം തന്നെക്കൊണ്ട് സഭയ്ക്ക് ഉണ്ടെന്നുള്ളതിനാലാണ്.

ശെമ്മാശന്റെ കുടുംബം മാവേലിക്കരയിൽ ആയിരുന്നു. അത് വിപുലമായപ്പോൾ ചെങ്ങന്നൂരിലേക്കും പുത്തൻകാവിലേക്കും തിരിഞ്ഞു പാർത്തു. അങ്ങനെയുള്ള ഒരു കുടുംബത്തിൽ ജനിച്ച ഒരു അംഗമായ ശെമ്മാശ്ശൻ പൂർണ്ണ ശെമ്മാശൻ ആകുന്നത് ആർത്താറ്റു വെച്ചാണെന്നത് ദൈവനിയോഗം ആണ്. ശെമ്മാശ്ശനും അതിൽ അഭിമാനം ഉൾക്കൊള്ളുന്നു. ഈ പട്ടക്കൊട കൊണ്ട് എം. എ.ബി.ഡി. ശെമ്മാശ്ശന് ആർത്താറ്റ് കുന്നംകുളം ഇടവകയുമായി ഒരഭേദ്യമായ ധാർമ്മികവും വൈകാരികവുമായ ഒരു ബന്ധം ഉണ്ടായി. കഷ്ടാനുഭവ ആഴ്ചയിൽ ഒരു ദിവസം ഫാ: കെ. ഡേവിഡും മറ്റ് ശെമ്മാശൻമാരും ആർത്താറ്റ് പള്ളിയുടെ മുറിത്തട്ടിലിരിക്കുന്നു. തെക്കു വരാന്തയുടെ കിഴക്ക് ഭാഗത്ത് താല്കാലികമായുണ്ടാക്കിയ ഒരു മുറിയിലാണ് പുലിക്കോട്ടിൽ റമ്പാച്ചൻ താമസിക്കുന്നത്. റമ്പാച്ചന്റെ മുറിയിൽ നിന്നും " നസ്രാണിദീപിക" എടുത്ത് മറിച്ചും തിരിച്ചും പ്രധാന വാർത്തകൾ വായിച്ച കൂട്ടത്തിൽ ബഥനി ആശ്രമം കത്തോലിക്ക ബിഷപ്പ് ബെൻസിഞ്ചർ സന്ദർശിച്ചു എന്ന റിപ്പോർട്ട് ഏവരുടേയും ശ്രദ്ധയ്ക്ക് വിഷയമായി. അന്നു തന്നെയുള്ള "പ്രതിദിനം" ദിന പത്രത്തിലും ഇതേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ബഥനി ആശ്രമം മേൽക്കു മേൽ പുരോഗമിച്ച് വരുന്ന ഒരു പ്രസ്ഥാനമാണ്. മലങ്കര സുറിയാനി സഭയുടെ സുവിശേഷ മർമ്മം സഫലീകരിക്കാൻ യുവാക്കന്മാരുടെ നായകനായ മാർ ഇവാനിയോസ് മെത്രാച്ചൻ തുടങ്ങി വച്ച ഈ പ്രസ്ഥാനത്തിന്റെ ഉൽക്കർഷണത്തിൽ സമുദായത്തിന് വളരെയധികം അഭിമാനമുണ്ടായിരുന്നു. ഈ വാർത്ത ബാവാ തിരുമേനിയുടെ മുഖത്ത് അല്പമൊരു വിഷാദാത്മകത്വം പ്രതീബിംബിച്ചു. ഈവാനിയോസ് മെത്രാച്ചൻ അധികം താമസ്സിക്കാതെ കത്തോലിക്ക സഭയുടെ കൊല്ലം അരമനയിൽ ബിഷപ്പ് ബെൻസിഞ്ചർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് തിരുവനന്തപുരം ആർച്ച് ബിഷപ്പായി മലങ്കര സഭ വിട്ടു.

മലങ്കര സഭയിലെ ഒരു അഭ്യസ്തവിദ്യനായ തിരുമേനി മാതൃ സഭയെ കൈവെടിഞ്ഞ് കത്തോലിക്ക സഭയിൽ ചേർന്നപ്പോൾ ഒരു പി. റ്റി ഗീവറുഗീസ് (മാർ ഇവാനിയോസ്) എം.എ.ക്കാരനു പകരം ധീഷണ ശാലിയായ വട്ടശ്ശേരിൽ തിരുമേനി തെരെഞ്ഞെടുത്തത് കെ.റ്റി ഗീവർഗ്ഗീസ് റമ്പാനെയാണ്. മാർ പീലക്സിനോസ് എന്ന അഭിധാനത്തിൽ ഒരാൾ മൂന്നാം ക്ലാസ്സ് എം. എ. യെങ്കിൽ മറ്റെയാൾ രണ്ടാം ക്ലാസ് എം. എ ക്കാരൻ. സഭയെ കൈവെടിഞ്ഞ തിരുമേനി



ധനതത്വശാസ്ത്രകാരൻ ആയിരുന്നെങ്കിൽ സഭാസംരക്ഷകനായനായ തിരുമേനി ഇംഗ്ലീഷ് സാഹിത്യകാരൻ രണ്ടുപേരും മാവേലിക്കരയോട് ബന്ധപ്പെട്ടവർ, അല്ലയോ മാവേലിക്കരയേ നിന്നിൽ നിന്നുതന്നെ സഭയുടെ നായകൻ ഉണർന്നു. സത്യസന്ധതയോടും വിശ്വസ്തതയോടും കൂടി മാതൃസഭയെ സേവിച്ച് യജമാനന്റെ സന്നിധി പൂകി ഗീവർഗീസ് എന്ന അഭിധാനം സ്ഥിരതയുടെയും വിശ്വസ്തതയുടെയും പര്യായമായി തീർന്നു. സുറിയാനി മെത്രാൻമാർ എന്ന് കേൾക്കുമ്പോൾത്തന്നെ ആഡംബരങ്ങളുടെ ഒരു നീണ്ട പട്ടികയാണ് ഏവർക്കും ഓർമ്മവരിക രാജർഷിമാർക്ക് യുക്തമായ സകല പദവികളും അവർക്കുണ്ട്. മഹാരാജാക്കന്മാരുടെ ഒപ്പം അവർക്ക് സ്ഥാനമുണ്ട്. ഈ പരമ്പരാഗതമായ സ്ഥാനമാനങ്ങൾ മൺച്ചട്ടിയും മരവടിയുമേന്തിയ സന്യാസീ മെത്രാസന്മാർക്കും കൂടി ഉണ്ടായിരുന്നു. എന്നാൽ ആ രാജകീയയുഗവും, ജീവിതക്രമവും കാലചക്രത്തിനൊത്ത് പല പരിവർത്തനങ്ങൾക്കും വിധേയമായിട്ടുണ്ടെന്ന് നന്നായിയറിഞ്ഞ ഒരു തിരുമേനിയാണ് പുത്തൻകാവിൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. മേനാവും പല്ലക്കും എഴുന്നള്ളത്തിനുപയോഗിച്ചിരുന്ന യുഗം കടന്നുപോയെന്ന് അദ്ദേഹം തന്നെ സഭയ്ക്ക് കാണിച്ചുകൊടുത്തു വെറും ലൈൻബസിൽ ഒരു സാധാരണക്കാരനെപോലെ യാത്രചെയ്യുന്നത് തിരുമേനിക്ക് സന്തോഷമായിരുന്നു. സുറിയാനി മെത്രാന്മാരുടെ പാരമ്പര്യങ്ങളുടെ മുരടിൽ വെൺമഴു എറിഞ്ഞ ഒരു നവീനനായ തിരുമേനി എന്ന പേര് അദ്ദേഹത്തിന് തികച്ചും അനുരൂപമായ ഒന്നാണ്.

സുറിയാനിസഭയുടെ പുരാതനതത്വത്തോടു കൂടിത്തന്നെ പല പാരമ്പര്യങ്ങളും സഭയിൽ കടന്നുകൂടി സ്ഥലം പിടിച്ചിട്ടുണ്ട്. അതോടുകൂടി ഇടവകഭരണം വളരെ ക്ലേശസമ്പൂർണ്ണമായ ഒന്നായിമാറി. വൈദികഗണങ്ങളും ഇടവകാംഗങ്ങളും ഭിന്നകക്ഷികളായി തിരിഞ്ഞ് വഴക്കടിക്കുന്ന ഒരു പതിവ് സമുദായത്തിൽ വളരെക്കാലം മുമ്പേത്തന്നെ നിലനിന്നുവരികയാണ്. ഈ വഴക്കിന്നടിയിൽ കിടക്കുന്ന പിശാച് എന്താണെന്ന് നല്ലപോലെ ഗ്രഹിക്കാനും അതിനെ ദൂരികരിക്കാൻ പ്രതിവിധിയെന്തെന്ന് നിർദ്ദേശിക്കാനും തിരുമേനിക്ക് നന്നായറിയും ഏതൊരുവന്റെയും ന്യൂനതയെ മുഖത്തുനോക്കി ഫലിതരസത്തിൽ പറയാൻ ഒരു പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. കൺവെൻഷൻ പ്രസംഗത്തിന് സന്നിഹിതരായ ബഹുമാനപ്പെട്ട പട്ടകാർക്ക് ഇതു നല്ലപോലെ അനുഭവപ്പെട്ടിട്ടുള്ളതാണ്.

മാർ പീലക്സിനോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മെത്രസ്ഥാനഭിഷേകം കഴിഞ്ഞ് ആദ്യമായി കുന്നകുളത്ത് എഴുന്നള്ളിയത് വട്ടശ്ശേരി തിരുമേനിയുടെ ഒപ്പമായിരുന്നു അന്ന് കുന്നംകുളത്തെ ഭക്തജനങ്ങൾ ഗംഭീരമായ ഒരു സ്വീകരണമാണ് നൽകിയത്. ആയതിനു ശേഷം ഇടയ്ക്കിടെ ഇവിടെ ഉണ്ടായിക്കൊണ്ടിരുന്ന പള്ളിവഴക്കുകളിലും അദ്ദേഹം മദ്ധ്യസ്ഥം വഹിച്ചിട്ടുണ്ട്. അതിനാൽ ശെമ്മാശ്ശനായിരുന്നകാലത്ത് തിരുമേനിക്കുണ്ടായ സ്നേഹിതന്മാരോട് സ്നേഹബന്ധം പുലർത്തുവാൻ തിരുമേനിക്ക് സാധിച്ചു പോന്നു. റീത്ത് പ്രസ്ഥാനത്തോടു മല്ലടിച്ചു കൊണ്ടു സഭയാകമാനം ചുറ്റി സഞ്ചരിച്ചിരുന്ന വേളയിലും കുന്നംകുളത്തു കുറച്ചു താമസിക്കുകയെന്നത് വലിയ സന്തോഷമായിരുന്നു തിരുമേനിക്ക്. അനാഡംബരപൂർവ്വമായ ജീവിതം തിരുമേനിയുടെ എഴുന്നള്ളത്ത് മൂലം ആരെയും ഒരു തരത്തിലും ബുദ്ധിമുട്ട് ഉണ്ടാക്കിയില്ല.

കുന്നംകുളത്ത് വിശ്രമമെടുക്കാൻ എഴുന്നെള്ളുന്ന തിരുമേനിയുടെ ജീവിതക്രമം കാര്യപരിപാടികളെ കൊണ്ടു പൊടിപൂരമായിരുന്നു. എന്തിനും തികഞ്ഞ സന്നദ്ധത, എന്തും സഹിക്കാനുള്ള ത്രാണി, ഇവയ്ക്ക് ഉപരിയായി സ്നേഹപൂർവ്വമായ പെരുമാറ്റം തുടങ്ങിയ ഗുണങ്ങൾ തിരുമേനിയെ എല്ലാവരുടെയും കണ്ണിലുണ്ണിയാക്കി. ഈ ഇടവക സന്ദർശനം കഴിഞ്ഞ് തിരുമേനി മടങ്ങുകയെന്നത് കുന്നംകുളത്തുകാർക്ക് വലിയ വ്യസനത്തിന് പോലും കാരണമായി. യുവാക്കന്മാരുടെ ആത്മീയ അഭിവൃദ്ധിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലും അവരുടെ പുരോഗമനപരിപാടികളിൽ നായകത്വം വഹിക്കുന്നതിലുള്ള താല്പര്യത്തിലും തിരുമേനിയുടെ നിഷ്ഠയിലും യുവാക്കളുടെ ഹൃദയമാകെ തിരുമേനി കവർന്നെടുത്തു. തിരുമേനി ഇല്ലാത്ത കൺവെൻഷൻ യോഗങ്ങൾ ഉപ്പില്ലാത്ത കഞ്ഞിപോലെയായിരുന്നു കുന്നംകുളത്തുകാർക്ക്.

പുത്തൻകാവിൽ കൊച്ചുതിരുമേനി കുന്നംകുളത്തെ സ്നേഹിച്ചു. കുന്നംകുളം മറ്റു തിരുമേനിമാരെക്കാൾ കൂടുതലായി ഈ കൊച്ചു തിരുമേനിയെ സ്നേഹിച്ചു. ഇടയൻ ആടുകൾക്കിടയിൽ ജീവിച്ച് പ്രവർത്തിച്ച് ജീവൻ നല്കി കുന്നംകുളത്തിന് എക്കാലവും ഈ കൊച്ചുതിരുമേനിയുടെ ഓർമ്മകൾ ആവേശകരവും അതുപോലെ തന്നെ ദുഃഖകരവുമാണ്.

(1951-ൽ, പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന എടുത്ത ലേഖനം.)



## മാർ ഈവാനിയോസ്

വട്ടശ്ശേരി തിരുമേനി 1908 സെപ്റ്റംബർ 15-ന് വൈദീക പട്ടവും പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ കാതോലിക്കാ ബാവ 1925 മെയ് 1-ന് നിരണം പള്ളിയിൽ വെച്ച് മെത്രാപ്പോലീത്ത പട്ടവും നൽകി. വിശുദ്ധ മദ്ബഹായിൽ പരിശുദ്ധ കാതോലിക്കബാവായുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് മെത്രാപ്പോലീത്ത സ്ഥാനം ഏറ്റെടുത്തു. 5വർഷക്കാലം മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തയായി പ്രവർത്തിച്ചതിനുശേഷം 1930 സെപ്റ്റംബർ 20-ാം തീയതി മലങ്കര ഓർത്തഡോക്സ് സഭ വിട്ട് സ്വിറ്റ്സർലൻഡ് സ്വദേശിയായ കൊല്ലം ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഞ്ചർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്ക സഭയിൽ ചേർന്ന് റീത്ത് പ്രസ്ഥാനം ആരംഭിച്ചു. 1932-ലാണ് മാർ ഈവാനിയോസ് ആദ്യമായി റോമിൽ പോയി പരിശുദ്ധ പയസ് XI പോപ്പിനെ സന്ദർശിച്ചത്



**മരിയ അലോഷ്യസ് ബെൻസിഞ്ചർ**
**(1864 - 1942)**

സ്വിറ്റ്സർലൻഡ് സ്വദേശിയായ കൊല്ലം ബിഷപ്പായിരുന്നു. മാർ ഇവാനിയോസ് സഭ വിട്ട് 1930 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാ സഭയിൽ ചേർന്നത് ഇദ്ദേഹത്തിന്റെ മുൻപിൽ സത്യപ്രതിജ്ഞ ചെയ്താണ്.

# പുത്തൻകാവിൽ കൊച്ചുതിരുമേനി

# മലങ്കര സഭയുടെ അഭിമാനം



എം.ജി. ജോർജ് മുത്തൂറ്റ്
അൽമായ ട്രസ്റ്റി

എന്റെ പിതാവ് ശ്രീ. എം. ജോർജുമായി പുത്തൻകാവിൽ കൊച്ചു തിരുമേനിയ്ക്ക് വലിയ ആത്മബന്ധമുണ്ടായിരുന്നു. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ കബറിടത്തിൽ പോയി അദ്ദഹം പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. മലങ്കര സഭയുടെ പ്രതിസന്ധി ഘട്ടത്തിൽ സഭാവിശ്വാസികളെ പാറപോലെ സഭയിൽ ഉറപ്പിച്ച് നിറുത്തിയത് പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഉജ്ജ്വല പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും ആയിരുന്നു.

വിദ്യാഭ്യാസത്തിൽ കൂടി മാത്രമേ ഒരു തലമുറയ്ക്ക് ഉയർച്ച ഉണ്ടാകുകയുള്ളുവെന്ന് വിശ്വസിച്ച തിരുമേനി അനേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. പത്തനംതിട്ടയിലും പുത്തൻകാവിലും ഇന്ന് കാണുന്ന സാമ്പത്തിക പുരോഗതി തിരുമേനിയുടെ ഉൾകാഴ്ചയുടെ ഫലമാണ്.

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്ക് മുമ്പ് പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ കബറിടം സന്ദർശിച്ചപ്പോൾ പുത്തൻകാവിൽ കൊച്ചു തിരുമേനി കാലം ചെയ്തപ്പോൾ യശഃശരീരനായ ശ്രീ. കെസി. മാമ്മൻ മാപ്പിള എഴുതി 1951 ഏപ്രിൽ 18 ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗം തിരുമേനിയുടെ കബറിടത്തിന് സമീപം പ്രത്യേകം സ്ഥാപിച്ചിരുന്നത് വായിക്കാനിടയായി. ആ മുഖപ്രസംഗത്തിൽ തിരുമേനിയുടെ പ്രവർത്തനങ്ങളുടെ മഹത്വം പൂർണ്ണതയോടു കൂടി എഴുതിട്ടുണ്ട്. സഭ മക്കൾക്ക് ഏക്കാലവും ആവേശം പകർന്നിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രവർത്തനങ്ങൾ സഭാമക്കൾ പഠനവിഷയമാക്കണം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹം നമ്മുക്ക് ഏവർക്കും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

# 1925 മെയ് 1-ാം തീയതി വിശുദ്ധ മർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നിരണം സെന്റ് മേരീസ് പള്ളിയുടെ വിശുദ്ധ മദ്ബഹായിൽ മാർ ഈവാനിയോസ് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവ മുമ്പാകെ എപ്പിസ്കോപ്പ സ്ഥാനം ഏറ്റപ്പോൾ ചൊല്ലിയ സത്യപ്രതിജ്ഞ

വെടിപ്പുള്ള ശ്ലീഹന്മാരുടെ വിശ്വാസത്തിലും, പരിശുദ്ധ മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിലും നിലനിന്നിട്ടുള്ളവരായ തീക്കടുത്ത മോർ ഇഗ്നാത്തിയോസ് തുടങ്ങി, ദീവന്നാസ്യോസ്, അത്താനാസ്യോസ്, യൂലിയോസ്, കൂറീലോസ്, ബസേലിയോസ്, ഗ്രീഗോറിയോസ്, ദീയസ്കോറോസ്, സേവേറിയോസ്, തീമോത്തിയോസ്, പീലക്സീനോസ്, അന്തീമോസ്, തെരഞ്ഞെടുക്കപ്പെട്ട ഉന്നതനായ മോർ ബർസൗമാ എന്നിവരും, ദൈവത്തിന്റെ പരിശുദ്ധ സഭയിൽ അവരെപ്പോലെ എഴുന്നേറ്റിട്ടുള്ളവരും, എഴുന്നേൽക്കുന്നവരുമായ സകല മൽപ്പാന്മാരുമായ എല്ലാ പരിശുദ്ധ പിതാക്കന്മാരേയും ഞാൻ സ്വീകരിക്കുന്നുവെന്ന് ദൈവതിരുമുമ്പാകെ ഞാൻ സമ്മതിച്ച് ഏറ്റു പറയുന്നു.

സ്ഥിരമുള്ള പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്മേൽ ഇന്ന് ആരൂഢനായിരിക്കുന്ന മോറാൻ മോർ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ മഹാപുരോഹിത സ്ഥാനത്തിനു ക്രിസ്തീയ വിശ്വാസത്തിന് കടപ്പെട്ടിരിക്കുന്ന പ്രകാരം അനുസരണം അർപ്പിപ്പാൻ എനിക്ക് വിഹിതമാകുന്നു. അദ്ദേഹത്തിന്റെ കൽപനകളെ ഞാൻ എപ്പോഴും അനുസരിക്കുകയും, അംഗീകരിക്കുകയും, സമ്മതിക്കുകയും ചെയ്യുന്നതാകുന്നു. അദ്ദേഹത്തിന്റെ വചനങ്ങൾ വിട്ട് ഞാൻ മാറിപ്പോവുകയില്ല. ഇത് ഞാൻ ചെയ്യുന്നത് സ്വമനസ്സാലെയാകുന്നു. നിർബന്ധത്താലല്ല. എല്ലാത്തര വിശേഷതയോടുകൂടിയുമാകുന്നു. അദ്ദേഹത്തിന്റെ ലിഖിതങ്ങൾ ഞാൻ സ്വീകരിക്കുമെന്നും, ബലഹീനനായ ഞാൻ ജീവനോടിരിക്കുന്നിടത്തോളം അദ്ദേഹത്തിന്റെ കൽപ്പനകൾ വിട്ട് ഞാൻ ഇടത്തോട്ടോ വലത്തോട്ടോ മാറുകയില്ലെന്നും വീണ്ടും വാഗ്ദത്തം ചെയ്യുന്നു. ഇപ്പോൾ ദൈവമുമ്പാകെയും തന്റെ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെയും, വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും ഞാൻ ഏറ്റുപറയുന്നു. ജീവനുള്ള സ്ലീബായും, വന്ദനീയമായ ഏവൻഗേലിയോനും പുകഴ്ചയുള്ള ഈ വൈദീക സംഘവും, ബഹുമാനമുള്ള ഈ ജനക്കൂട്ടവും എന്റെ ഈ വാഗ്ദത്തത്തിന് സാക്ഷികളാകുന്നു. ഈ വാഗ്ദത്തം ഞാൻ ഭേദപ്പെടുത്തുകയോ അദ്ദേഹത്തിന്റെ മഹാപുരോഹിത സ്ഥാനത്തിന്റെ കൽപ്പന ഞാൻ അനുസരിക്കാതിരിക്കുകയോ അദ്ദേഹത്തിനെതിരായി മറുതലിക്കുകയോ, അദ്ദേഹത്തിന്റെ കൽപ്പനകളിൽ നിന്നും തെറ്റിപ്പോവുകയോ അദ്ദേഹത്തിനെതിരായി നിൽക്കുകയോ അദ്ദേഹത്തിന് എതിരാളിയായി തീരുകയോ, ഓർത്തഡോക്സ് സുറിയാനിക്കാരുടെ മാർഗ്ഗത്തിനെതിരായുള്ള മറ്റുമാർഗ്ഗം പിൻതുടരുകയോ നമ്മുടെ സഭയുടെ ക്രമീകരണത്തിനെതിരായുള്ള എന്തെങ്കിലും അവലംബിക്കുകയോ പരിശുദ്ധ മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിനെതിരായുള്ള വിശ്വാസം വിശ്വസിക്കുകയോ ചെയ്യുന്ന നാളിൽ ശ്ലീഹന്മാരിൽ


പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്ക ബാവാ

> *സ്ഥിരമുള്ള പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്മേൽ ഇന്ന് ആരൂഢനായിരിക്കുന്ന മോറാൻ മോർ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ മഹാപുരോഹിത സ്ഥാനത്തിനു ക്രിസ്തീയ വിശ്വാസത്തിന് കടപ്പെട്ടിരിക്കുന്നപ്രകാരം അനുസരണം അർപ്പിപ്പാൻ എനിക്ക് വിഹിതമാകുന്നു.*

പ്രധാനിയായ പരിശുദ്ധനായ മോർ പത്രോസിന്റെ വായാലും, നമ്മുടെ കർത്താവേശുമശിഹായുടെ ശ്ലീഹന്മാരായ അവന്റെ പതിനൊന്ന് സഹോദരന്മാരുടെ വായാലും, അഗ്നിമയനായ മാർ ഇഗ്നാത്തിയോസിന്റെ വായാലും, പരിശുദ്ധ മൂന്ന് സുന്നഹദോസുകളിൽ കൂടിയ പരിശുദ്ധ പിതാക്കന്മാരുടെ വായാലും പരിശുദ്ധാത്മാവാൽ എല്ലാ മൽപ്പന്മാരുടെ വായാലും മാർത്തോമ്മാ ശ്ലീഹായുടെ പ്രതിപുരുഷനും, നമ്മുടെ കർത്താവേശുമശിഹായുടെ സത്യഗൃഹവിചാരകനുമായ ദീർഘായുഷ്മാൻ അഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ വായാലും മഹറോൻ ചൊല്ലപ്പെട്ടവനും ശപിക്കപ്പെട്ടവനുമായിത്തീരും. കൂടാതെ ഞാൻ പരിശുദ്ധ സഭയിൽ നിന്നും വേർതിരിയപ്പെട്ടവനും പരിശുദ്ധ രഹസ്യങ്ങളുടെ സംസർഗ്ഗത്തിൽ നിന്നും തള്ളപ്പെട്ടവനും ഞാൻ പ്രാപിച്ചിട്ടുള്ള നൽവരത്തിൽ നിന്നും അകലപ്പെട്ടവനും ശ്രേഷ്ഠമായ പൗരോഹിത്യത്തിന്റെ നിലയങ്കിയിൽ നിന്നും ഉരിയപ്പെട്ടവനും ആയിത്തീരും. കർത്താവിന്റെ കോപം ആത്മീയ വിധി നടത്തുവാൻ ദൈവത്തിൽ നിന്നും അദ്ദേഹത്തിന് നൽകപ്പെട്ടിട്ടുള്ള അധികാരപ്രകാരം അദ്ദേഹത്തിന്റെ മഹാപുരോഹിത സ്ഥാനത്താൽ വിധിക്കപ്പെടുവാനും സ്ഥാനഭ്രഷ്ടനാക്കപ്പെടുവാനും ഞാൻ അർഹനായി ഭവിക്കുകയും ചെയ്യും.

ഞാൻ വാഗ്ദത്തം ചെയ്തിട്ടുള്ള എല്ലാ കാര്യത്തിനും എന്നെ സഹായിപ്പാനും ദിവ്യകൽപ്പനകളുടെ നിറവേറ്റലിനും തനിക്ക് പ്രസാദവും തിരുവിഷ്ടവുമുള്ള എല്ലാറ്റിനും തന്റെ കരുണയാൽ എന്നെ തുണയ്ക്കുന്നതിനും ഇപ്പോൾ ദൈവമായ കർത്താവിനോട് ഞാൻ അപേക്ഷിക്കുന്നു. വീണ്ടും നമ്മുടെ കർത്താവേശുമശിഹാ തന്റെ സഹായങ്ങളാൽ എന്നെ കാത്തുകൊള്ളുവാനും തന്റെ കൃപയാൽ എന്നെ നടത്തുവാനും അവസാന ദിവസത്തിൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാനും നന്മയോ, തിന്മയോ അവനവന്റെ പ്രവൃത്തിക്കൊത്തക്കവണ്ണം എല്ലാവനും പ്രതിപകരം കൊടുപ്പാനും താൻ എഴുന്നള്ളുമ്പോൾ മുഖപ്രസന്നതയോടെ തന്നെ എതിരേൽക്കുവാൻ എനിക്കിടയാകുവാനും എനിക്കുവേണ്ടി തന്നോടപേക്ഷിക്കണമെന്ന് നിങ്ങളോട് സത്യസ്നേഹത്തോടു ഞാൻ അഭ്യർത്ഥിക്കുന്നു.

ഒപ്പിട്ട അമോലോഗിയാ കാതോലിക്കായെ ഏൽപ്പിച്ചശേഷം കൈമുത്തിക്കൊണ്ടു പറയുന്നു

ബാറക്മോർ : അൽ ശുബ്ക്കോനോ

(പരിശുദ്ധ ഓർത്തഡോക്സ് സഭയിലിൽ ഇന്നും എപ്പിസ്കോപ്പാ സ്ഥാനം ഏൽക്കുമ്പോൾ പരിശുദ്ധ കാതോലിക്കാ ബാവാ മുൻപാകെ ഈ സത്യപ്രതിജ്ഞ തന്നെയാണ് ചൊല്ലുന്നത്.)

***ഓർത്തഡോക്സ് സുറിയാനിക്കാരുടെ മാർഗ്ഗത്തിനെതിരായുള്ള മറ്റുമാർഗ്ഗം പിൻ തുടരുകയോ നമ്മുടെ സഭയുടെ ക്രമീകരണത്തിനെതിരായുള്ള എന്തെങ്കിലും അവലംബിക്കുകയോ പരിശുദ്ധ മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തി നെ തിരായുള്ള വിശ്വാസം വിശ്വസിക്കുകയോ ചെയ്യുന്ന നാളിൽ ശ്ലീഹന്മാരിൽ പ്രധാനിയായ പരിശുദ്ധനായ മോർ പത്രോസിന്റെ വായാലും, നമ്മുടെ കർത്താവേശുമശിഹായുടെ ശ്ലീഹന്മാരായ അവന്റെ പതിനൊന്ന് സഹോദരന്മാരുടെ വായാലും, അഗ്നിമയനായ മാർ ഇഗ്നാത്തിയോസിന്റെ വായാലും, പരി ശുദ്ധ മൂന്ന് സുന്നഹ ദോസുകളിൽ കൂടിയ പരിശുദ്ധ പിതാക്കന്മാരുടെ വായാലും പരിശുദ്ധാത്മാവാൽ എല്ലാ മൽപ്പന്മാരുടെ വായാലും മാർത്തോമ്മാ ശ്ലീഹായുടെ പ്രതിപുരുഷനും, നമ്മുടെ കർത്താവേശു മശിഹായുടെ സത്യഗൃഹവിചാരകനുമായ ദീർഘായുഷ്മാൻ അഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ വായാലും മഹറോൻ ചൊല്ലപ്പെട്ടവനും ശപിക്കപ്പെട്ടവനുമായിത്തീരും.***



2013 ലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടത്തിയ അഖില മലങ്കര ഗായകസംഘ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പുത്തൻകാവ് മെത്രാപ്പോലീത്തൻ H.S.S ക്വയറിനു വേണ്ടി ആന്റോ സി ബിജുവും, അപ്രേം മത്തായിയും മാർഫ (UAE) ഏർപ്പെടുത്തിയ ട്രോഫി പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്ന് സ്വീകരിക്കുന്നു. ഏബ്രഹാം തോമസ് സമീപം

# മലങ്കരസഭയുടെ യുഗപുരുഷൻ



ഡോ. പി.സി. അലക്സാണ്ടർ

എന്റെ തലമുറക്കാരുടെ ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്ന അത്യുജ്ജ്വല പ്രതിഭാസമായിരുന്നു പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി. തന്റേടവും പ്രസന്നതയും പ്രസരിപ്പും ഒത്തുചേർന്ന തലയെടുപ്പ്, സൗന്ദര്യവും ശാലീനതയുമുള്ള ആരാധനാരീതി, ഏത് ആളുകളെയും ആകർഷിക്കുന്ന വാഗ്മിത്വം, ഭക്തിയും യുക്തിയും കലർന്ന പ്രഭാഷണം - ആ വ്യക്തിത്വം അതീവ ആകർഷകമായിരുന്നു.

പുത്തൻകാവിൽ തിരുമേനി 33-ാം വയസ്സിൽ മെത്രാപ്പോലീത്തയായി. 50 വർഷം ചെയ്തുതീർക്കേണ്ട ഭാരിച്ച ചുമതലയാണ് ഏറ്റെടുക്കേണ്ടിവന്നത്. അക്കാലത്ത് മലങ്കര സഭയിൽ പുത്തൻകാവിൽ തിരുമേനിയെ കൂടാതെ പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ്, കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് (പാമ്പാടി തിരുമേനി) എന്നിവർ മാത്രമാണ് മേൽപ്പട്ടക്കാരായുള്ളത്.

അതിനാൽ പുത്തൻകാവിൽ തിരുമേനി ഭരണചുമതല ഏറ്റപ്പോൾ മുതൽ മലങ്കരസഭയുടെ മുഴുവൻ മെത്രാപ്പോലീത്തയായി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വത്തമാണ് ഏറ്റെടുത്തത്.

ശരീരത്തെ കാർന്നുതിന്ന പ്രമേഹവും ഹൃദ്രോഗവും വകവയ്ക്കാതെ പുത്തൻകാവിൽ തിരുമേനി 20 വർഷം വടക്ക് കാസർകോട് മുതൽ തെക്ക് തിരുവിതാംകോട് വരെ ഓടിനടന്ന് സ്വന്തം ജീവിതം സ്വസമുദായത്തിനായി തൃജിച്ച മഹാവ്യക്തിയാണ്. അമ്പതു വർഷം ചെയ്തുതീർക്കേണ്ടവ ഇരുപത് വർഷംകൊണ്ട് പൂർത്തിയാക്കിയ ജീവിത ശൈലിയാണ് ആ വ്യക്തിത്വം. ലൈൻബസ്സുകളിൽ ഓടിനടന്നും, പള്ളിത്തിണ്ണകളിൽ അന്തിയുറങ്ങിയും കാപ്പികടകളിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്ന ഭക്ഷണം കഴിച്ചും ആരോഗ്യം മറന്ന് തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കുവാനായി സഭയാകമാനം ചുറ്റി സഞ്ചരിച്ചു. ആ പ്രതിഭാശാലി അൽപംകൂടി വിശ്രമിച്ചിരുന്നെങ്കിൽ, പ്രവർത്തനങ്ങളുടെ വേഗത കുറച്ചിരുന്നെങ്കിൽ ദീർഘകാലം ജീവിച്ച് സഭയ്ക്ക് സേവനം അനുഷ്ഠിക്കുവാൻ കഴിയുമായിരുന്നു. മലങ്കരസഭയിൽ കൺവൻഷൻ യോഗങ്ങൾ ആദ്യമായി ഉണ്ടാക്കിയത് പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ്. മാരാമൺ കൺവൻഷനെ അനുകരിച്ച് സഭയുടെ പലഭാഗത്തും പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു. അക്കാലത്ത് ഉപദേശികളും ഉപദേശിനികളും ഉണർന്നുവന്നു. ഓർത്തഡോക്സ് സഭയിൽ പുതുജീവൻ വരണമെങ്കിൽ കൺവൻഷനുകൾ വേണമെന്ന് വിശ്വസിച്ച പുത്തൻകാവിൽ തിരുമേനി പലയിടത്തും താമസിച്ച് പ്രസംഗങ്ങൾ നടത്തി. പഴഞ്ഞിയിൽ അഞ്ചുദിവസം താമസിച്ച് പ്രസംഗപര്യടനം നടത്തി. പ്രസിദ്ധമായ കുന്നംകുളം പ്രസംഗത്തിൽ മൂന്നോ നാലോ തവണ തന്നെ അലട്ടിക്കൊണ്ടിരുന്ന നെഞ്ചുവേദനയെക്കുറിച്ച് പറയുന്നുണ്ട്. അക്കാലത്ത് പ്രസംഗയോഗങ്ങളിൽ ഉച്ചഭാഷിണി ഇല്ലായിരുന്നു. എന്നാൽ കുന്നംകുളത്ത് ഉച്ചഭാഷിണി ഉണ്ടായിരുന്നു. തിരുമേനിയുടെ പ്രസംഗത്തിൽ മൈക്ക് പ്രവർത്തിക്കാതിരുന്ന കാര്യം പറയുന്നുണ്ട്.

കുന്നംകുളത്തെ പ്രസംഗവും കഴിഞ്ഞ് കോട്ടയത്തേക്കുള്ള യാത്രയിൽ മരണത്തിന് കീഴ്പ്പെടുകയായിരുന്നു. പുത്തൻകാവ് തിരുമേനിക്ക് തന്റെ ജീവിതത്തിന്റെ കലണ്ടർ താളുകൾ വേഗം മറിഞ്ഞുപോകുന്നു എന്ന് അറിയാമായിരുന്നു. കുന്നംകുളത്തെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: 'ഇന്ന് സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരു പക്ഷെ ഞാനും നാളെയോ മറ്റെനാളോ മരിച്ചുപോയേക്കാം'അക്ഷരാർത്ഥത്തിൽ അതു സംഭവിച്ചു. സാഹചര്യങ്ങൾ തിരുമേനിയുടെ ജീവൻ രക്ഷിക്കാൻ അനുകൂലമായില്ല. അത് അവിശ്രമം പ്രവർത്തിച്ച തിരുമേനിയെക്കുറിച്ചുള്ള ദൈവനിയോഗം ആയിരിക്കും.

പുത്തൻകാവ് തിരുമേനി എന്റെ സ്മരണയിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്നുണ്ട്. മാവേലിക്കര പുതിയകാവ് പള്ളിയിൽ എപ്പോഴും എത്തുമായിരുന്നു. പുത്തൻകാവിൽ തിരുമേനിയുടെ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ലഭ്യമായ ആത്മസന്തോഷം പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. വിശുദ്ധ കുർബ്ബാന ചൊല്ലുമ്പോൾ അസാധാരണമായ ആത്മശക്തിയിൽ നിറയുമായിരുന്നു. സുറിയാനിയിലും മലയാ



ളത്തിലും മാറി മാറിയുള്ള പ്രമ്യൂയോൻ വായന അതീവ ഹൃദ്യമാണ്. സുറിയാനിയിലെ പ്രാർത്ഥനകൾ പ്രത്യേക താളത്തിലും ലയത്തിലുമാണ് ചൊല്ലുന്നത്. വി. കുർബ്ബാനയിൽ കൈകൾ ആഘോഷിച്ചു മാലാഖമാരെക്കുറിച്ചു നടത്തുന്ന സ്തുതിപ്പുകൾ ചൊല്ലുമ്പോൾ മാലാഖമാർ ചിറകടിച്ച് ത്രോണോസിൽ പറന്നിറങ്ങുന്നതായി തോന്നും. സൂര്യനും. ചന്ദ്രനും, നക്ഷത്രങ്ങളും, ഭൂമിയും, സമുദ്രങ്ങളും സ്വർഗ്ഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരും... എന്നിങ്ങനെയുള്ള ചൊല്ലുകൾ വളരെ വ്യക്തവും ആകർഷകവുമായിരുന്നു. മാലാഖമാരും പ്രധാന മാലാഖമാരും, ശൂൽത്തോനേൻമാരും മൗത്ത്ബേൻമാരും, മോറാവോസേൻമാരും, ഹൈലേന്മാരും അനേകം കണ്ണുകളുള്ള ക്രൂബേന്മാരും, കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നു ചെന്ന് കാദീശ് പാടുമ്പോൾ മാലാഖമാർ വിശുദ്ധ മദ്ബഹായിൽ ചുറ്റിതിരിയുന്ന പ്രതീതിയാണ്. ഈ പ്രാർത്ഥന തീരരുതേ എന്ന ആഗ്രഹം വിശ്വാസികളിലുണ്ടാകും. ഭക്തിനിർഭരമായ ഈ ആരാധനയിൽ ശ്രദ്ധിക്കാതിരിക്കാൻ ആർക്കും കഴിയുകയില്ല. ഭക്തിയും ആദ്ധ്യാത്മികതയും സംഗീതത്തിന്റെ ലഹരിയും സമന്വയിപ്പിക്കുന്ന ആരാധനാ ശൈലി എല്ലാവരേയും ആകർഷിച്ചിരുന്നു.

ആരാധനയിൽ ഭക്തിയും സംഗീതവും ചേർത്ത് ജനങ്ങളെ ഭക്തിസാന്ദ്രമാക്കി, വിശ്വസം ജ്വലിപ്പിച്ച മഹാവ്യക്തിയായിരുന്നു പുത്തൻകാവ് കൊച്ചുതിരുമേനി. 1951 ഏപ്രിൽ 17-നു ആ ശബ്ദം നിശ്ചലമായി. പിന്നീട് അതുപോലെ മനോഹരമായ ശബ്ദത്തിലുള്ള ആരാധന ഞാൻ കേട്ടിട്ടില്ല. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭരണ കാലഘട്ടം (1930-51) മലങ്കരസഭയിൽ പലതരത്തിലുള്ള പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. പ്രതിബന്ധങ്ങളെ തരണംചെയ്യുന്നതിനും വിശ്വാസികളെ സഭയിൽ ഉറപ്പിക്കുന്നതിനും തിരുമേനിക്കു കഴിഞ്ഞു. ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ദുഃഖസങ്കീർണ്ണമായ കാലഘട്ടമാണിത്. മലങ്കരസഭയിൽ നിറഞ്ഞുനിന്നിരുന്ന ഗീവറുഗീസ് മാർ ഈവാനിയോസ് സഭാപരിവർത്തനം ചെയ്തു. പുനഃരൈക്ക്യത്തിനുള്ള ആഹ്വാനം സഭയിൽ മുഴങ്ങി. മലങ്കരസഭ മുഴുവൻ ഞെട്ടിയ ഒരു സംഭവമാണ്. 'എം.എ. അച്ചൻ' എന്നറിയപ്പെട്ട 'ഗീവറുഗീസ് മാർ ഈവാനിയോസ്' സഭാപരിവർത്തനം ചെയ്തത്. എന്തുകൊണ്ടാണ് അദ്ദേഹം സഭവിട്ടു പോയതെന്ന് ജനങ്ങൾ ചിന്തിക്കുവാൻ തുടങ്ങി. പണ്ഡിതനും വിദ്യാസമ്പന്നനുമായ മാർ ഈവാനിയോസ് സഭാപരിർത്തനം ചെയ്തപ്പോൾ മറ്റുള്ളവരും പോകുവാനുള്ള സാഹചര്യമുണ്ടായി ഈ കാര്യം മനസ്സിലാക്കിയ വട്ടശ്ശേരിൽ തിരുമേനി ഒരു എം.എ ക്കാരൻ പോയപ്പോൾ എം.എ.ബി.ഡിക്കാരനെ മെത്രാച്ചനാക്കി അതാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. പ്രതിസന്ധിയിൽ നിന്ന് മറ്റൊരു പ്രതിബന്ധത്തിലേക്ക് നിരങ്ങി നീങ്ങിയ സഭയുടെ ഭരണസാരഥ്യമാണ് പുത്തൻകാവ് തിരുമേനി ഏറ്റെടുത്തത്. അക്കാലത്ത് ലോകം മുഴുവൻ നിറഞ്ഞു നിന്ന സാമ്പത്തിക തകർച്ച കേരളത്തിലും ആഞ്ഞടിച്ചു. ഭക്ഷ്യവിളകളായ നാളികേരം നെല്ല് എന്നിവയുടെ വിലകുറഞ്ഞു. ആർക്കും ഉദ്യോഗം ലഭിക്കുന്നില്ല. ഞാൻ ഓർക്കുന്നുണ്ട് ആയിരം തേങ്ങായിക്ക് 15 രൂപയാണ് വിലകിട്ടുന്നത്. കോളേജിൽ പഠിക്കാൻ 25 രൂപാ വേണം. ഒരാളെ കോളേജിൽ പഠിപ്പിക്കണമെങ്കിൽ 1000 തേങ്ങായും കുറെ അധികം നെല്ലും വിറ്റെങ്കിലെ 25 രൂപാ ലഭിക്കുകയുള്ളു. അത് കേരളത്തിലെ നസ്രാണി സമൂഹത്തെ തളർത്തി.

സാമ്പത്തിക ഞെരുക്കം ഉണ്ടായപ്പോൾ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ പള്ളിക്ക് കൊടുക്കുവാനുള്ള വരുമാനം പിടിച്ചുവെച്ചു. പിശുക്ക് നസ്രാണികളുടെ ജന്മസ്വത്താണല്ലോ. ഇത് പള്ളിക്കാര്യങ്ങളിൽ പല തടസ്സങ്ങളും സൃഷ്ടിച്ചു. ജനങ്ങൾ സാമ്പത്തികമായി തളർന്നപ്പോൾ പള്ളികളും പ്രതിസന്ധി അനുഭവിച്ചു. സഭ മുഴുവനും സാമ്പത്തിക തളർച്ചയിൽ അകപ്പെട്ടു. ഈ കാലഘട്ടത്തിലാണ് പുത്തൻകാവിൽ തിരുമേനി രംഗത്തെത്തുന്നത്. 1946 ആഗസ്റ്റ് 8-നു ഉണ്ടായ ഹൈക്കോടതിവിധി മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെയും കാതോലിക്കേറ്റിന്റെ മഹത്വത്തെയും ചോദ്യം ചെയ്യുന്നതായിരുന്നു. ഇത് കാതോലിക്കാ ഭാഗത്തെ നിരാശരാക്കി. പ്രതിസന്ധികളിൽ കൂടി നീങ്ങിയ സഭയെ ഈ വിധി വേദനിപ്പിച്ചു. ഒന്നിനുപുറകെ ഒന്നായി പ്രശ്നങ്ങൾ ഒഴുകിയെത്തി. പല പള്ളികളും പൂട്ടി., പഴയസെമിനാരി പൂട്ടി. പലയിടത്തും പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചു. വൈദികരിൽ പരാജയഭീതി ആഞ്ഞടിച്ചു. ആത്മീയ നിലവാരം ശുഷ്ക്കിച്ചു. ജനങ്ങൾക്ക് പള്ളിയിൽ പോകുന്നതിനുള്ള താൽപര്യം കുറഞ്ഞു. ഈ കാലഘട്ടത്തിലാണ് പുത്തൻകാവ് തിരുമേനി സഭയുടെ ഭാവിഭദ്രമാക്കുന്നതിനായി നൂതന പദ്ധതികളുമായി രംഗത്തെത്തുന്നത്. ജനങ്ങളിൽ വിശ്വാസവും പ്രത്യാശയും സുസ്ഥിരമാകുന്നതിന് ശുഷ് കാന്തിയോടെ പ്രവർത്തിച്ചു.

മലങ്കരസഭയുടെ മഹത്വവും പ്രസക്തിയും ഓടി നടന്നു പഠിപ്പിച്ചു. ആദ്ധ്യാത്മികതയുടെ ചൈതന്യം സഭമുഴുവൻ വ്യാപിപ്പിച്ചു.

***പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭരണകാലഘട്ടം (1930-51) മലങ്കരസഭയിൽ പലതരത്തിലുള്ള പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. പ്രതിബന്ധങ്ങളെ തരണംചെയ്യുന്നതിനും വിശ്വാസികളെ സഭയിൽ ഉറപ്പിക്കുന്നതിനും തിരുമേനിക്കു കഴിഞ്ഞു.***

നവോത്ഥാനത്തിന്റെ ശബ്ദം പുത്തൻകാവിൽ തിരുമേനിയിൽ കൂടി സംക്രമിച്ചു. ജനങ്ങളെ ആഴമായി അതു സ്വാധീനിച്ചു. അങ്ങനെ മലങ്കര സഭയുടെ മുഴുവൻ യുഗപുരുഷനായി തീർന്നു പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി.

(പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മശതാബ്ദി ദിനത്തിൽ 1997 ജൂൺ 10 ന് മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സാർ ജന്മശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്ത് പുത്തൻകാവിൽ നടത്തിയ പ്രസംഗം. ഡോ. പി,സി, അലക്സാണ്ടർ ജന്മശതാബ്ദി സമ്മേളനത്തിൽ പങ്കെടുക്കുവാൻ വേണ്ടി മാത്രമാണ് ബോംബെയിൽ നിന്ന് വന്നത്.)

# ശിഷ്യരുടെ മനസ്സ് കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

എന്റെ പിതൃസഹോദരൻ വന്ദ്യ തെയോഫോറസ് റമ്പാച്ചന്റെ ഗുരുവായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയെ കുറിച്ച് പറയുമ്പോൾ റമ്പാച്ചന് വലിയ ആവേശമായിരുന്നു. ഒരു വ്യക്തിയുടെ മഹത്വം മനസ്സിലാക്കുന്നതിന് ആ വ്യക്തിയുടെ ശിഷ്യരുടെ അഭിപ്രായങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അങ്ങനെയെങ്കിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി തന്റെ ശിഷ്യരുടെ മരണം വരെ അവരുടെ മനസ്സിൽ നിറഞ്ഞുനിന്ന പ്രകാശഗോപുരമായിരുന്നു.

പുത്തൻകാവിൽ കൂടിയാത്ര ചെയ്യുമ്പോൾ പുത്തൻകാവ് പള്ളിയിലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ കയറി മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുന്നത് വലിയ ഒരു അനുഗ്രഹമായി ഞാൻ കാണാറുണ്ട്. ഓർത്തഡോക്സ് സഭാ വിശ്വാസത്തിന് വേണ്ടി അവസാന നിമിഷംവരെ പോരാടിയ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ "എന്റെ സഭ എന്റെ ദൈവം" എന്ന കാഴ്ചപ്പാട് ഉൾക്കൊള്ളുവാൻ സഭാവിശ്വാസികൾക്ക് സാധിക്കണം. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന നമുക്ക് ഏവർക്കും കോട്ടയായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.



ജേക്കബ് മാത്യു (ജോജോ)
കുളഞ്ഞി കൊമ്പിൽ
(സഭാ മാനേജിംഗ് കമ്മറ്റി അംഗം)



കൽക്കട്ട സെറാംപൂർ കോളേജിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയോടൊപ്പം കെ.സി. ഉമ്മൻ ശെമ്മാശൻ (തെയോഫോറസ് റമ്പാൻ)

## പുത്തൻകാവിൽ കൊച്ചുതിരുമേനി

# കലാവല്ലഭനും കർമ്മയോഗിയുമായ പരമാചാര്യൻ



**മഹാകവി പുത്തൻകാവ് മാത്തൻ തരകൻ**

*പുത്തൻകാവിന്റെ കീർത്തി വളർത്തിയ മഹാകവി. 1903 ജൂൺ 9-ാം തീയതി പുത്തൻകാവ് കിഴക്കേതലയ്ക്കൽ ഭവനത്തിൽ ജനിച്ചു. ക്രിസ്തുകഥയായ വിശ്വദീപമുൾപ്പെടെ 50 കൃതികൾ രചിച്ചു. 1993 മേയ് 4-ാം തീയതി അന്തരിച്ചു.*

ഒരു ദിവസം സായാഹ്നം. പുത്തൻകാവിലെ മെത്രാപ്പോലീത്തൻ ഹൈസ്കൂളിന്റെ കിഴക്കുഭാഗത്ത് എന്തോ ഗഹനങ്ങളായ വിഷയത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് തുമ്പമൺ മെത്രാസനയിടവകയുടെ അധികാരിയായ നി.വ.ദി.ശ്രീ. മാർപീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അങ്ങനെ നിൽക്കുകയായിരുന്നു. ആകസ്മികമായി ഒരു ഗാനം തിരുമേനിയുടെ കർണ്ണപുടങ്ങളിൽ പതിച്ചു. തിരുമേനി തല ഉയർത്തി നോക്കി. ഉന്നതമായ കുന്നിന്റെ പരപ്പിൽ ഉയർന്നു നിൽക്കുന്ന പുരാതന ദേവാലയത്തിന്റെ വടക്കുവശത്തെ പച്ചപ്പുൽ പരപ്പിൽ നിന്നുകൊണ്ട് നോക്കിയാൽ കാണാവുന്ന പുരാതന പ്രസിദ്ധമായ പമ്പാനദിയിലേക്കിറങ്ങുന്നതിനുള്ള കൽപ്പടികളിൽ കൂടി ശീലക്കുടയും മടക്കി കക്ഷത്തിലാക്കിക്കൊണ്ട് ഒരു മദ്ധ്യവയസ്ക്കൻ പോകുന്നതായി കണ്ടു. അതാരാണ്? തിരുമേനി ചോദിച്ചു. കടത്തുവള്ളത്തിൽ കയറി മറുകര കടക്കാൻ പോയ ആൾ തലപ്പൊക്കി തിരുമേനിയെ നോക്കി. "ഒന്നിത്രടം വന്നിട്ടുപോകാമോ" എന്ന് കൽപ്പിച്ചു ചോദിക്കയായി വിനയം തുളുമ്പുന്ന സ്വരത്തിൽ. യാത്രക്കാരൻ മുന്നിൽകിടന്ന തോണിയിൽ നിന്നും മുഖംതിരിച്ച് തിരുമേനിയെ സമീപിച്ചു. സ്വദേശിയെങ്കിലും അതിനുമുമ്പു തിരുമേനിയുമായി സംസാരിച്ചിട്ടില്ലാത്ത ഒരു നായർ യുവാവ്. "നിങ്ങൾ ആ മൂളിക്കൊണ്ടുപോയ ശ്ലോകം ഒന്നുകൂടി ഉച്ചരിക്കാമോ?" തിരുമേനി ആവശ്യപ്പെടുകയാണ്. സഹൃദയനായ ആ നായർ ആ ശ്ലോകം വീണ്ടും ഉച്ചരിച്ചു.

"ഒരു നിശ്ചയമില്ലയൊന്നുനും
വരുമോരോ ദശവന്നപോലെപോം
വിരിയുന്നു മനുഷ്യനേതിനോ?
തിരിയാ ലോകരഹസ്യമാർക്കുമേ"

ഈ ശ്ലോകത്തിലെ തത്വജ്ഞാനം തിരുമേനിക്ക് ഇഷ്ടമായി. തുടർന്നു തത്വീകങ്ങളായ ആശയങ്ങളടങ്ങിയ ഏതാനും ശ്ലോകങ്ങൾ കൂടി തിരുമേനി ആ നായർ യുവാവിനെക്കൊണ്ട് ചൊല്ലിച്ചു. തിരുമേനി ഓരോ ശ്ലോകവും കേട്ടു വളരെ രസിച്ചു. വൈദീകവൃത്തിയിൽ, തപോനിഷ്ഠയിൽ മാത്രം ജീവിതം നയിച്ച തിരുമേനി സാഹിത്യത്തിൽ രസിക്കുന്നത് കണ്ട് ആ നായർ സ്നേഹിതൻ അത്ഭുതപ്പെട്ടു. ക്രൈസ്തവ സമുദായത്തിലെ ഒരു മെത്രാപ്പോലീത്താ മലയാള സാഹിത്യം ആസ്വദിക്കാൻ ഒരുങ്ങുമെന്ന് ആ ഹൈന്ദവ മാന്യൻ വിചാരിച്ചിരുന്നില്ല. തിരുമേനിയുടെ ആശീർവ്വാദം സ്വീകരിച്ച് അയാൾ തിരിച്ചുപോയി. ഇംഗ്ലീഷ് സാഹിത്യത്തിൽ മികച്ച പാണ്ഡിത്യം സിദ്ധിച്ചിരുന്ന തിരുമേനി മലയാള സാഹിത്യത്തേയും വിലമതിച്ചിരുന്നു. ഒരിക്കൽ തിരുമേനി എന്നോടു കൽപ്പിച്ചു ഈ വർഷത്തെ വലിയ നോമ്പിനിടക്കുള്ള പാദശുശ്രൂഷാ സന്ദർഭത്തിൽ പള്ളിയിൽ ഉപയോഗിക്കാൻ ഗാനരീതിയിൽ ഒരു മലയാള കവിത ഉണ്ടാക്കണമെന്ന്. പുത്തൻകാവ് വലിയ പള്ളിയിലായിരുന്നു തിരുമേനി ആ വർഷത്തിലെ പെസഹാ പെരുന്നാളിൽ കൂടിയത്. എന്റെ ജോലിത്തിരിക്കിനിടയിൽ എട്ടുവരികളുള്ള ഒരു കവിത എഴുതി ഞാൻ തിരുമേനിയെ ഏൽപ്പിച്ചു. ദേവാലയത്തിലെ ശുശ്രൂഷകളിൽ സുറിയാനി ഗീതങ്ങളും, അവയുടെ രീതികളിലുള്ള - മലയാള ഗാനങ്ങളും മാത്രമേ ഉപയോഗിക്കാവൂ എന്ന് പൂർണ്ണമായി വിശ്വസിക്കുന്ന യാഥാസ്ഥിതികന്മാർ ഇന്നും സഭയിലുണ്ടെങ്കിലും - സഭയുടെ നാനാതരത്തിലുള്ള പുരോഗതിയേയും സ്വാഗതം ചെയ്യുന്നതിനു മടിയില്ലാതിരുന്ന തിരുമേനി ഞാൻ എഴുതിയ കവിത കുട്ടികളെ പഠിപ്പിച്ചു. പെസഹാ പെരുന്നാളിൽ



മിശിഹാതമ്പുരാൻ ശിഷ്യന്മാരുടെ പാദങ്ങളെ ശുദ്ധീകരിച്ച വിനീത
കൃത്യത്തെ അനുസ്മരിച്ച് തിരുമേനി പുറംകുപ്പായം നീക്കി, അരയിൽ
തുണിയും കെട്ടി, ശിഷ്യന്മാരുടെ സ്ഥാനം കൈക്കൊണ്ട് ചുറ്റും സ്ഥിതി
ചെയ്ത വൈദീകന്മാരുടെ പാദങ്ങൾ കഴുകി വെടിപ്പാക്കുവാൻ തൃക്കൈ
കൾ വെള്ളത്തിൽ മുക്കി. അതോടുകൂടി ഗാഥാരീതിയിലുള്ള കവിത
പാടാനും ആരംഭിച്ചു. ദേവാലയത്തിൽ സന്നിഹിതരായിരുന്ന
ആബാലവൃദ്ധം ജനങ്ങളും ആ ഗാനം ഏറ്റുപാടി. അന്നത്തെ ശുശ്രൂ
ഷയിൽ ആ ഗാനം ഒരു പരിഷ്ക്കാരമായിരുന്നു.

ഒരു ദീവസം വിദ്യാലയസ്ഥാപനം സംബന്ധിച്ച് സന്തോഷകര
മായ ഒരു കാര്യവും സാധിച്ചുകൊണ്ട് തിരുമേനി തിരുവനന്തപുരത്തു
നിന്നും കാറിൽ പുത്തൻകാവിലേക്കു വരികയായിരുന്നു. യാത്രമദ്ധ്യേ
കൂടെ ഉണ്ടായിരുന്ന എന്നോടു പുരാണകഥകളിൽ ചിലത് പറയണമെ
ന്ന് തിരുമേനി കൽപ്പിച്ചു. ഞാൻ കേവലം സംഭാഷണഭാഷയിൽ കഥക
ൾ പറയാൻ തുടങ്ങി. പുരാണകഥാപാത്രങ്ങളെ കേവലം സാധാരണ
മനുഷ്യരായി ചിത്രീകരിച്ചുകൊണ്ടാണ് ഞാൻ കഥാകഥനം നടത്തിയ
ത്. പുത്തൻകാവിൽ എത്തുന്നതുവരേയും കഥാകഥനം അവസാനിപ്പി
ക്കുന്നതിന് തിരുമേനി എന്നെ അനുവദിച്ചില്ല. തിരുമേനി അന്ന് രസിച്ച്
ചിരിച്ചിട്ടുള്ളതുപോലെ പിന്നീടു ഒരിക്കലും ചിരിച്ചിട്ടില്ലെന്ന് വേണം
പറയുവാൻ. പലപ്പോഴും സണ്ടേസ്കൂൾ, സ്ത്രീസമാജം, യുവജനസ
മാജം എന്നിവയുടെ വാർഷീക സമ്മേളനങ്ങളിൽ അദ്ധ്യക്ഷം വഹിക്കു
വാൻ തിരുമേനിയോട് അപേക്ഷിക്കുവാൻ വരുമ്പോൾ പ്രസംഗത്തിന്
എന്നേക്കൂടി വിളിച്ചുകൊള്ളണമെന്ന് തിരുമേനി അവരോടു കൽപ്പി
ക്കും. ക്രൈസ്തവരും സംഗീതവും, ക്രൈസ്തവരും സാഹിത്യവും
എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ചായിരിക്കും എന്റെ പ്രസംഗം..
സമ്മേളനം കഴിഞ്ഞ് തിരിച്ചുപോരുമ്പോൾ തിരുമനസ്സുകൊണ്ടു കൽപ്പി
ക്കും. "നിന്റെ പാട്ടും കവിതയും കേൾക്കുമ്പോൾ എനിക്കു തോന്നും
കുറേ കവിത മനഃപാഠമാക്കണമെന്ന്. പക്ഷെ നേരം കിട്ടുന്നില്ല. സാഹി
ത്യസംഗീതാദി കലകളിൽ തിരുമേനിക്കുണ്ടായിരുന്ന അഭിരുചി അവാ
ച്യമായിരുന്നുവെന്ന് കാണിക്കാനാണ് ഞാൻ ഇത്രേയും പ്രസ്താ
വിച്ചത്. പലഘട്ടങ്ങളിലും കൺവൻഷൻ പ്രസംഗങ്ങൾ നടത്തുമ്പോൾ
തിരുമനസ്സുകൊണ്ട് സുറിയാനി ഗീതങ്ങളും മഗ്ദലനമറിയം തുടങ്ങിയ
കാവ്യങ്ങളിലെ ചില ഭാഗങ്ങളും ഏറ്റവും മധുരവും, സ്ഫുടവുമായ
സ്വരത്തിലും രാഗത്തിലും പാടി വന്നിരുന്നുവെന്നുള്ളത് മലങ്കരയിലെ
ക്രൈസ്തവജനതയ്ക്ക് നല്ലതുപോലെ അറിയാവുന്ന കാര്യമാണല്ലോ.

സുറിയാനിക്കാരുടെ വിശുദ്ധ കുർബ്ബാനയും, കൂദാശകളും,
പ്രാർത്ഥനകളും ഛന്ദോനിബദ്ധവും, രാഗസങ്കലിതവുമായ ഗാനങ്ങളു
ടെ സമാഹരങ്ങളാണ്. മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്നതിനും സം
ഗീതത്തിനുള്ള അത്ഭുതശക്തി മനസ്സിലാക്കിയിട്ടുള്ള മതപ്രവാചകന്മാർ
ആരാധനഗ്രന്ഥങ്ങളിലെ ഗദ്യഭാഗങ്ങൾ പോലും ഗാനമയമായ രീതിയി
ൽ വായിക്കുകയാണല്ലോ പതിവ്. പള്ളിയിലെ ആരാധന ആകർഷണീ
യവും, ഭക്തിനിർഭരവുമാകണമെങ്കിൽ ആരാധന നടത്തുന്ന വൈദീകന്
സംഗീതത്തിൽ ജന്മസിദ്ധമായ വാസനയുണ്ടായിരിക്കണം. അങ്ങനെ
യുള്ള തിരുമേനിമാർ മലങ്കര ഓർത്തഡോക്സ് സഭയിൽ വിരളമല്ലാ
തിരുന്ന ഒരു കാലമുണ്ടായിരുന്നു. ചാത്തുരുത്തിമെത്രാച്ചൻ എന്നു സർ
വ്വസാധാരണയായി വിളിച്ചുവന്നിരുന്ന പുണ്യവാന്റെ ശിഷ്യന്മാരായി
വേദാഭ്യസനം നടത്തിയിരുന്ന ഒരു സംഘം വൈദീകന്മാർ സംഗീതമധു
രമായ ആരാധനകൾ നടത്തുന്നതിൽ അതിവിദഗ്ദ്ധന്മാരായിരുന്നു.
അവരിൽ ഏറ്റവും പ്രമുഖനായ ഒരു വൈദീകനായിരുന്ന മാർ പീലക്സി
നോസ് തിരുമേനിയുടെ വന്ദ്യ പിതാവായ ബഹുമാനപ്പെട്ട കിഴക്കെതല
ക്കൽ തോമസ് കത്തനാർ. അദ്ദേഹത്തിന്റെ കുർബ്ബാനയും, പ്രാർത്ഥന
കളും ശബ്ദമാധുര്യംകൊണ്ടും ഭക്തിപ്രചരിമ കൊണ്ടും അനേകലക്ഷം
ആരാധകരെ ആകർഷിച്ചിട്ടുള്ളതാണ്. ആ വന്ദ്യ വൈദീകന്റെ സംഗീത
വാസനയും ശബ്ദമാധുര്യവും അതേപടി അദ്ദേഹത്തിന്റെ പുത്രനായ
കൊച്ചുതിരുമേനിയിൽ ലയിച്ച് ചേർന്നിരുന്നു. പഞ്ചമം പാടുന്ന പൂങ്കു
യിലിന്റെ നാദമാധുര്യത്തോടുകൂടി ദേവാലയങ്ങളുടെ ബലിപീഠങ്ങളുടെ
മുൻഭാഗത്തുനിന്നുകൊണ്ട് ഞായറാഴ്ച ദിവസങ്ങളിൽ പ്രഭാതവേളക
ളിൽ കൊച്ചുതിരുമേനി "ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന് അത്യു
ച്ചത്തിൽ പ്രാർത്ഥന ആരംഭിക്കുമ്പോഴേക്കും ആരാധനയിൽ സംബ
ന്ധിക്കുന്ന അനേകായിരം ഭക്തജനങ്ങളുടെ ഹൃദയങ്ങൾ പിതാവായ
ദൈവത്തിന്റെ തിരുസന്നിധിയിലേക്കു ആരോഹണം ചെയ്യുന്നതായും
തോന്നിപോകുമായിരുന്നു. സഭാംഗങ്ങളെ സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പി
ക്കുന്നതിനുള്ള ദിവ്യ നിസ്രേണിയായിരുന്നു തീരുമേനിയുടെ മഹനി
യനാദം. ചില ഘട്ടത്തിൽ തിരു
മേനിയുടെ സ്വരവും പള്ളിയിൽ
മുഴങ്ങുന്ന മണിനാദവും പരസ്
പരം വേർതിരിച്ചറിയുവാൻ പാ
ടില്ലാത്ത തരത്തിൽ സമ്മേളി
ക്കാറുണ്ടായിരുന്നു. ഇത്രമാത്രം
ഭക്തിജനകമായ രീതിയിൽ ശു
ശ്രൂഷ നടത്താൻ ക്രൈസ്തവ
സഭയിലെ ചുരുക്കം ചില പരമ
യോഗികൾക്കു മാത്രമെ സാധി
ച്ചിരുന്നുള്ളു എന്നുള്ളത് വെറും
ഒരു പരമാർത്ഥം മാത്രമാണ്.
വലിയ വലിയ സാമ്രാജ്യങ്ങൾ
ഭരിക്കുന്ന മന്ത്രി പുംഗവന്മാ
രെപ്പോലും സംഭ്രാന്തരാക്കുന്ന
കാര്യപരിപാടികളായിരുന്നു
തിരുമേനി ഓരോ ദിവസം നിവ
ർത്തിച്ചുവന്നിരുന്നത്. ഞായറാ
ഴ്ച ദിവസങ്ങളിൽ ഒരു പള്ളി
യിൽ കുർബ്ബാന അനുഷ്ഠിക്കു
കയും അവിടെനിന്നു പന്ത്രണ്ടു
മൈൽ അകലെയുള്ള വേറെ
ഒരു ഇടവകയിൽ ചെന്ന് യുവ
ജനസമ്മേളനത്തിൽ ഉദ്ഘാടന
പ്രസംഗം നടത്തുകയും, അന
ന്തരം ഏതെങ്കിലും ഒരിടവകയി
ൽ ചെന്ന് അവിടെയുള്ള വഴ
ക്കുകൾ പറഞ്ഞവസാനിപ്പിക്കു
കയും ചെയ്യുന്നതിന് കൊച്ചു
തിരുമേനിക്ക് യാതൊരു പ്രയാ
സവും തോന്നിയിരുന്നില്ല. ഒരു
മെത്രാപ്പോലീത്താ എന്ന നില
യിൽ ഏറ്റവും ഉയർന്ന നില
യിൽ ജീവിതം നയിക്കാമായി
രുന്ന തിരുമേനി സഭാഭരണം
സംബന്ധിച്ചുള്ള അനേകം കാ
ര്യങ്ങളിൽ ഏർപ്പെട്ടു കൊണ്ടി
രുന്നപ്പോഴും തന്റെ ഇടവകയി
ൽപ്പെട്ട വൃദ്ധന്മാരേയും, വൃദ്ധ
കളേയും രോഗികളേയും സന്ദ
ർശിച്ച് അവർക്കുവേണ്ടി പ്ര
ത്യേക പ്രാർത്ഥനകൾ നടത്താ
റുണ്ടായിരുന്നു.

സുറിയാനിക്കാരുടെ വിശുദ്ധ കുർബ്ബാനയും, കൂദാ
ശകളും, പ്രാർത്ഥനകളും ഛന്ദോനിബദ്ധവും, രാഗ
സങ്കലിതവുമായ ഗാനങ്ങളുടെ സമാഹരങ്ങളാണ്.
മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്നതിനും സം
ഗീതത്തിനുള്ള അത്ഭുതശക്തി മനസ്സിലാക്കിയി
ട്ടുള്ള മതപ്രവാകന്മാർ ആരാധനഗ്രന്ഥങ്ങളിലെ
ഗദ്യഭാഗങ്ങൾ പോലും ഗാനമയമായ രീതിയിൽ
വായിക്കുകയാണല്ലോ പതിവ്.

ജനങ്ങൾ വസ്തു തർക്കത്തിലും ധനവിഭജനത്തിലും ഏർപ്പെട്ടു കലഹിച്ചുകൊണ്ടിരുന്ന രംഗങ്ങളിലും തിരുമേനി പ്രത്യക്ഷപ്പെട്ട് അവരുടെ ഇടയിൽ സമാധാനവും ശാന്തിയും സ്ഥിരമായി സ്ഥാപിച്ചു വന്നിരുന്നു.

സുവിശേഷയോഗങ്ങൾ നടത്തിക്കുന്നതിനും, അവയിൽ പ്രസംഗങ്ങൾ ചെയ്യുന്നതിനും തിരുമേനി അതീവ തൽപ്പരനായിരുന്നു. പള്ളിയിൽ പോവുക, പ്രാർത്ഥന നടത്തുക, നോമ്പുകൾ ആചരിക്കുക എന്നിങ്ങനെയുള്ള കർമ്മങ്ങളിൽ മാത്രം ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മലങ്കരയിലെ ഓർത്തഡോക്സ് സുറിയാനി സഭയിലെ അംഗങ്ങൾക്ക് ക്രിസ്തുമതതത്വങ്ങളിലും വേദപുസ്തക വാക്യങ്ങളിലും അഭ്യാസം പോരാ എന്ന് തിരുമേനിക്ക് നല്ലതുപോലെ അറിയാമായിരുന്നതിനാൽ സുവിശേഷയോഗങ്ങൾ നടത്തി സഭാംഗങ്ങളെ വേദശാസ്ത്രം പഠിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തിരുമേനി കരുതി. സുവിശേഷയോഗങ്ങളിൽ ശരീരക്ലേശത്തെ വകവെയ്ക്കാതെ സുദീർഘങ്ങളായ പ്രസംഗങ്ങളാണ് തിരുമനസ്സുകൊണ്ട് ചെയ്തുവന്നിരുന്നത്. ആശയനിബിഡമായ ആ ഹൃദയത്തിൽനിന്നും എത്രമാത്രം വിജ്ഞാനരത്നങ്ങൾ പുറത്തേക്കു വന്നാലും ആ ഹൃദയം അശേഷവും ശൂന്യമാവുകയില്ലായിരുന്നു. തിരുമേനിയുടെ പാണ്ഡിത്യത്തിനു ചേർന്ന ഭാഷയിലല്ലാ തിരുമേനി സാധാരണ പ്രസംഗിച്ചു വന്നിരുന്നത്. ഗ്രാമീണരും, അക്ഷരാഭ്യാസം കുറഞ്ഞവരുമായ വൃദ്ധകൾക്കും, വൃദ്ധന്മാർക്കും, ബാലികാ ബാലന്മാർക്കും നല്ലതുപോലെ മനസ്സിലാകത്തക്ക തരത്തിൽ ഏറ്റവും ചെറിയവാക്യങ്ങളും പരിചിതങ്ങളായ പദങ്ങളുമാണ് പ്രസംഗത്തിന് തിരുമേനി ഉപയോഗിച്ചുവന്നിരുന്നത്. അതിഗഹനങ്ങളായ വിഷയങ്ങളേപ്പോലും ഏറ്റവും ലഘുവായ രൂപത്തിൽ ശ്രോതാക്കളുടെ മുമ്പിൽ, കുടുംബജീവിതത്തിലും, പരസ്യജീവിതത്തിലും സഭാംഗങ്ങൾ അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെ കൂട്ടിയിണക്കി അവതരിപ്പിക്കുന്നതിന് തിരുമേനിക്ക് പ്രത്യേക സാമർത്ഥ്യമുണ്ടായിരുന്നു.

മലങ്കരയിലെ ആബാലവൃദ്ധം ജനങ്ങളെ തീരാത്ത ദുഃഖത്തിലും തോരാത്ത കണ്ണുനീരിലും ആഴ്ത്തിയിട്ട് ലോകത്തിന്റെ മാംസളദൃഷ്ടികളിൽ നിന്നും മറഞ്ഞുപോയിരിക്കുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ അപദാനങ്ങളെ കീർത്തിക്കുവാൻ തുടങ്ങിയാൽ ഈ ലേഖനം ഒരു മഹാഗ്രന്ഥമായി പരിണമിക്കും. പുത്തൻകാവിലെ കൊച്ചുതിരുമേനി ഒരു മിസ്റ്റിക് കാവ്യമാണെന്നു പറയാം. അദ്ദേഹത്തെ ഒരു വിദ്യാഭ്യാസവിദഗ്ദ്ധനായും സംഹീതജ്ഞനായും സാഹിത്യകാരനായും സഭാനേതാവായും ഭക്തയോഗിയായും ജനങ്ങൾ വ്യാഖ്യാനിക്കുന്നു. കൊച്ചുകുട്ടികളുടെ ഒരു കളിത്തോഴനായിരുന്ന അദ്ദേഹം. താഴ്മയായിരുന്നു അദ്ദേഹത്തിന്റെ ഔന്നത്യം. ത്യാഗമായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യം., കുടിലായിരുന്നു അദ്ദേഹത്തിന്റെ കൊട്ടാരം. സാധുക്കളുടെ ആഹാരമായിരുന്നു അദ്ദേഹത്തിന്റെ മേശ,. സേവനമായിരുന്നു അദ്ദേഹത്തിന്റെ പരിചാരകൻ, മഹൽഗ്രന്ഥങ്ങളായിരുന്നു അദ്ദേഹത്തിന്റെ സഹചാരികൾ, നിർദ്ധനന്മാരും നിസ്സഹായരുമായിരുന്നു അദ്ദേഹത്തിന്റെ ധനവാന്മാർ. കഷ്ടപ്പാടും പ്രയാസവുമായിരുന്നു അദ്ദേഹത്തിന്റെ പാനീയം. തിരുമേനി നിർദ്ധനനായി ജീവിച്ചു - സർഗ്ഗരാജ്യത്തിലെ ഏറ്റവും സമ്പന്നനായി അദ്ദേഹം ലോകത്തെ ത്യജിച്ചു - അദ്ദേഹത്തിന്റെ ആത്മാവിനു ശാന്തി, ശാന്തി, ശാന്തി.

***(1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)***



പുത്തൻകാവിൽ കൊച്ചുതിരുമേനി തന്നോടൊപ്പം കളിച്ചിരുന്ന ഫുട്ബോൾ ടീമിനൊപ്പം

# മലങ്കരയിലെ സ്കൂളുകളുടെ അവകാശത്തിനുവേണ്ടി പോരാടിയ കൊച്ചുതിരുമേനി

വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് സഭാ സമാധാന ചർച്ചയ്ക്കായി പാർത്രിയർക്കീസിനെ കാണുവാൻ “മർദ്ദീനിലേയ്ക്കു” പോയപ്പോൾ സഭയുടെ നിരവധി സ്കൂളുകളുടെ മാനേജ്മെന്റ് മാർ ഈവാനിയോസിനെ ഏൽപ്പിച്ചിരുന്നു. അദ്ദേഹം റോമാസഭയെ സ്വീകരിച്ചപ്പോൾ ഈ സ്കൂളുകളും കൈയ്യടക്കിക്കൊണ്ടാണു പോയത്. ഇവ വിട്ടുകിട്ടുന്നതിന് മലങ്കര മെത്രാപ്പോലീത്ത ആവശ്യപ്പെട്ടപ്പോൾ അതിനെ എതിർക്കുന്നതിനാണ് മാർ ഈവാനിയോസും പിന്നാലെ വന്നവരും ശ്രമിച്ചത്. ഏതാണ്ട് അറുപതിലധികം സ്കൂളുകൾ കയ്യടക്കിക്കൊണ്ടാണ് ഈവാനിയോസ് റോമാസഭയിൽ ചേർന്നത്. ഈ സ്കൂളുകൾ വിട്ടുകിട്ടുന്നതിന് ഗീവർഗീസ് മാർ പീലക്സിനോസ് കത്തോലിക്ക സഭയുടെ അപ്പോസ്തോലിക പ്രതിനിധിക്കയച്ച കത്ത് പ്രസിദ്ധീകരിക്കുന്നു

To,

The Apostolic Delegate
Bangalore
Your Excellency,

It has been very kind of you to have replied me. But I am sorry I could not acknowledge receipt of the same, although I sent a letter to Mar. Ivanios to that effect.

Seeing that Mar. Ivanios has so flatly denied the truth of what has been stated in my letter; I am now compelled to present a few facts for your information and impartial decision.

Foremost among these, comes the case of 64 Vernacular schools. About a dozen years ago, the present metropolitan of Malankara transferred the management of the above schools to Mar. Ivanios. This was just a few months before he left Malabar, to meet the patriach of Antioch. But now that he has asked for these school, Mar Ivanios handed over only 24 to him. And 40 schools still remain. I might also add that Mar. Dionysius came to possess these schools, by virtue of his office as the metropolitan of Malankara.

Further, there is a printing press at Thiruvalla, which has been given to the “Bethany Ashram', by a protestant donor. He still says that the press should “remain the property of the Ashram and not of Mar Ivanios personally”. If your exellency reqiures further evidence with regard to the same, I shall supply you in time.

More over the House for the Sisters which the oxford Mission to Calcutta, erected, is still retained by them as their own. I don't wish to enlarge, by citing what that mission feels with regard to the ownership of this building.

Although instances of this sort and more glaring can be cited, I feel it would be difficult to deal with them sufficiently in this letter. I, there fore, request you to kindly appoint a proper person who whould go in to the matter throughly and submit a true report to you.

Requesting to be excused for the trouble,

I remain

Yours in this holy service
Mar Philoxenos
Bishop of Thumpamon Diocese.
Bishops House
Pathanamthitta

# പ്രതിഭാശാലിയായ പുത്തൻകാവിൽ കൊച്ചുതിരുമേനി

സി. പി. ജോർജ്, കുഴിമറ്റം

അനേകവർഷങ്ങൾക്ക് മുൻപ് മെത്രാൻകക്ഷിയും ബാവാ കക്ഷിയും തമ്മിലുള്ള ഭിന്നത രൂക്ഷമായിരുന്ന കാലം. വാദി പ്രതികളായ ട്രസ്റ്റികൾ ഒരു തോടിന്റെ ഇരുകരകളിലുമായി താമസമുറപ്പിച്ചിരുന്നു. ഇന്നും ഭിന്ന കക്ഷികളിലെ ട്രസ്റ്റിമാർ ഈ തോടിന്റെ തന്നെ ഇരുവശങ്ങളിൽ പുത്തനങ്ങാടിയിൽ താമസിക്കുന്നു. കുരിശുപള്ളി കവല സംഘർഷത്തിന്റെ കേന്ദ്രസ്ഥാനമായി മാറിയിരുന്നു. കോട്ടയത്തുള്ള പള്ളികൾ പൂട്ടി കിടന്നിരുന്നു. ആത്മീയ പ്രവർത്തനം എന്ന് പറയുവാൻ സി. എം. എസ് കോളേജിലെ വിദ്യാർത്ഥികൾ നടത്തി വന്നിരുന്ന സണ്ടേ സ്കൂൾ മാത്രം ഇരു വിഭാഗത്തിലെ കുട്ടികളും ഒരേ സണ്ടേസ്കൂൾ വിദ്യാർത്ഥികളായിരുന്നു. സി. എം. എസ്. ക്കാരുടെ സിലബസിലായിരുന്നു പഠനം. പുത്തനങ്ങാടിയുടെ പ്രത്യേക സ്വഭാവം പരിഗണിക്കാതെ എം. ഡി. ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന ദിവ്യ ശ്രീ. കെ.റ്റി. ഗീവർഗ്ഗീസ് ശെമ്മാശനെ സണ്ടേസ്ക്കൂൾ വാർഷികത്തിന്റെ അദ്ധ്യക്ഷനായി ക്ഷണിച്ചിരുന്നു. ഇരുകക്ഷിയിലെയും  കുട്ടികളുടെ രക്ഷകർത്താക്കൾ സംബന്ധിക്കുന്ന  സമ്മേളനം. എന്തിനും കടിപിടി കൂടുന്ന അവസരം. ശെമ്മാശ്ശന്റെ സാന്നിദ്ധ്യം സംഘർഷഹേതുകരമാകുമോ ചിലർക്ക് സംശയവും ഭീതിയും ഇതൊന്നും ലേശം പോലും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല ഒരു അസ്വഭാവികതയും മുഖത്ത് നിഴലിച്ചിരുന്നില്ല അദ്ദേഹം ഹാളിൽ പ്രവേശിച്ചു. നിഷ്കളങ്കമായ ഒരു പുഞ്ചിരി ഇരു കരങ്ങളും കൂപ്പി സദസ്യരുടെ മുൻപിൽ നിന്നു ആ മുഖശോഭയും നമുക്ക് പ്രാർത്ഥിക്കാം എന്ന ഇമ്പകരമായ ശബ്ദവും സഭയെ നിശബ്ദമാക്കി. ആ മഹൽ സമ്മേളനത്തെ സ്പർശിച്ചുള്ള പ്രാർത്ഥന, മാധുര്യമേറിയ സ്വരത്തിൽ നടത്തികഴിഞ്ഞപ്പോൾ പരിപൂർണ്ണ നിശ്ശബ്ദത സന്ദേഹങ്ങൾ നിലച്ചു.

കൊച്ചു കുട്ടികൾ, യൗവനക്കാർ, വൃദ്ധർ എന്നീ സമ്മിശ്രസദസ്സ് ഭിന്നരുചിക്കാർ, പ്രസംഗികൻ എല്ലാവരെയും തൃപ്തിപ്പെടുത്തണം. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം തന്നെയായി അദ്ദേഹത്തിന്റെ മുഖ്യ പ്രസംഗം. ഏവരുടെയും ശ്രദ്ധയെ ഒരേസമയം പിടിച്ചുപറ്റത്തക്കവണ്ണം, ഗ്രാമീണഭാഷയിൽ എന്നാൽ ആശയനിർഭരം, ഹാളിലുള്ളവർ കേൾക്കത്തക്ക ഇമ്പകരമായ  ശബ്ദം, കഥകളും, ഉപമകളും നമ്മുടെ നാട്ടിലേതു മാത്രം, നടത്തിയ ആപ്രസംഗം ഓരോരുത്തരുടെയും ഹൃദയത്തിൽ തറച്ചുകയറിയെന്നു തോന്നുമാറ് സദസ്യർ, സശ്രദ്ധം ശ്രവിച്ചു കൊണ്ടിരുന്നു. വേദശാസ്ത്രപരമായ വസ്തുതകൾ ഇത്രലളിതമായി പ്രതിപാദിക്കുവാനുള്ള അദ്ദേഹത്തിന്റെ അസാമാന്യമായ കഴിവ് കക്ഷിഭേദമന്യെ അംഗീകരിക്കതന്നെയുണ്ടായി. അദ്ദേഹത്തിന്റെ സ്നേഹപരമായ പെരുമാറ്റം സമ്മാനം വാങ്ങുവാൻ സമീപിച്ച ഓരോ കുട്ടിക്കും  അദ്ദേഹത്തോട് ഒരു പ്രത്യേക അടുപ്പം  ഉണ്ടായതായി തോന്നി. മെത്രാൻ കക്ഷിയിലെ പ്രബലനായ കൊച്ചുതിരുമേനിയായി പരിലസിച്ച കാലത്തും ഇരുകക്ഷിക്കാരുടെയും സ്നേഹബഹുമാനാദികൾ ആർജ്ജിക്കുന്നതിനു കഴിഞ്ഞിരുന്നുവെന്നുള്ളത് കുന്നംകുളം മുതൽ പുത്തൻകാവു വരെ അദ്ദേഹത്തിന്റെ മൃതദേഹത്തിന് കക്ഷിഭേദമെന്യെ സമുദായഭേദമെന്യെ നൽകിയ അഭിവാദനങ്ങൾ പ്രസ്പഷ്ടമാക്കി. വിദ്യാസമ്പന്നായ ഒരു അദ്ധ്യാപകനും, സ്പോർട്സ് പ്രേമി കൂടിയായിരുന്നു. പ്രത്യേകിച്ച് ഫുട്ബോളിൽ. അക്കാലത്തെ പേരു കേട്ട കളിക്കാരനായിരുന്ന വട്ടക്കു



ന്നേൽ കുര്യച്ചൻ. തിരുമേനിയുടെ ഉറ്റ സ്നേഹിതൻ. അദ്ദേഹത്തിന്റെ അകാല മരണം തിരുമേനിയെ വേദനിപ്പിച്ചു വ്യായമം വൈദികർക്കും വേണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

പുത്തൻകാവിൽ നിന്ന് സൈക്കിൾ ചവുട്ടി കോട്ടയത്തു വന്നിരുന്ന അദ്ദേഹത്തിന് റമ്പാൻസ്ഥാനം തന്റെ സ്വാതന്ത്ര്യത്തെ ഹനിച്ചിരുന്നുവെന്ന് ഒരു പക്ഷേ ചിന്തിച്ചിരിക്കാം. റമ്പാനായ ശേഷം അദ്ദേഹത്തിന്റെ താമസം പഴയ സിമ്മിനാരിയിലേക്ക് മാറ്റി. വൈദിക വിദ്യാർത്ഥികളുടെ അദ്ധ്യാപകനായി സേവനം തുടർന്നു. വ്യായാമതല്പരനായ അദ്ദേഹം വിദ്യാർത്ഥികൾക്ക് കളി സ്ഥലം ഒരുക്കി. അവരുടെ കൂടെ കളിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ സെമിനാരിയുടെ തെക്കേ മുറിയിൽ താമസിച്ചിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ശ്രദ്ധയിൽ പെട്ടപ്പോൾ, സന്യാസിത്വമാണ് റമ്പാൻ സ്ഥാനം, ഉല്ലസിക്കുവാനുള്ളതല്ല., വ്യായാമത്തിന് സഭകല്പിച്ചിരിക്കുന്ന കുമ്പിടൽ ധാരാളം മതിയാകുമെന്ന് ഉപദേശിച്ചതായി പറഞ്ഞു കേട്ടിട്ടുണ്ട്. ഏതായാലും പരസ്യമായ വ്യായാമമൊന്നും പിന്നീട് ചെയ്തിട്ടുള്ളതായി കണ്ടിട്ടില്ല.

1929-ലെ വിദ്യാർത്ഥി കോൺഫറൻസ് എല്ലാം കൊണ്ടും സ്മരാണാർഹമാണ്. മാർ ഈവാനിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷസ്ഥാനം രാജിവെച്ചു. അന്നത്തെ ജനറൽ സെക്രട്ടറി കെ. സി. ജോർജ്ജ് പിന്നീട് ഒരു കമ്മ്യൂണിസ്റ്റ് നേതാവായി. ഉശിരോടെ അദ്ധ്യക്ഷസ്ഥാനം ഏറ്റ ഫാദർ റ്റി. വി. ജോൺ പിന്നീട് റോമ്മാ റീത്ത് സഭയിൽ ചേർന്നു, ഗുരുവും, ശിഷ്യനും തമ്മിൽ അവസാന കൂടികാഴ്ച. കോൺഫറൻസിന്റെ അന്തരീക്ഷം തന്നെ കലുഷിതമായിരുന്നതിനെ ഒരുവിധം ശാന്തമാക്കിയത് നമ്മുടെ കഥാപുരുഷനാണ്. അദ്ദേഹത്തിന്റെ നയചാതുര്യം കോപിഷ്ടരായ യുവാക്കന്മാരെ ശാന്തരാക്കി. വൈദികസിമ്മനാരി കുറച്ചുകാലം ഏലിയാ ചാപ്പലിനോടു തൊട്ടുള്ള കെട്ടിടങ്ങളിൽ നടത്തിയിരുന്നു. ഇദ്ദേഹം കോട്ടയത്തു വരുമ്പോൾ അവിടെ താമസിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ധാരാളം ആളുകളെ സിമ്മിനാരിയിലേക്ക് ആകർഷിച്ചിരുന്നു. എല്ലാവരോടും സ്നേഹപൂർവ്വം സംസാരിക്കും. ആരെയും വെറുപ്പിക്കുകയില്ല. ഭക്തി പ്രകടനങ്ങൾ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു.

ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ അദ്ദേഹം സംബന്ധിച്ചിരുന്ന അവസരത്തിൽ , കൂടെ താമസിച്ചിരുന്ന ഇരു കക്ഷികളിലേയും മെത്രാച്ചന്മാർ സുഖ നിദ്രയിലായിരിക്കുമ്പോൾ കൊച്ചു തിരുമേനി കിടക്കയിൽ നിന്ന് എഴുന്നേറ്റ് ഇരുട്ടത്തു നടന്ന് ദയറാ പള്ളിയുടെ തുറസ്സായ സ്ഥലത്ത് മുട്ടുകുത്തി നിന്ന് വളരെ നേരം നിശ്ശബ്ദനായി പ്രാർത്ഥിക്കുന്നത് പരിസരസംരക്ഷണ ചുമതലയേറ്റിയിരുന്ന. സ്വമേധാപ്രവർത്തകർ കണ്ട് എന്നെ അറിയിക്കാറുണ്ടായിരുന്നു. സഭയുടെ സമാധാനത്തിനുവേണ്ടി ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുകയായിരുന്നിരിക്കാം. ഭക്തി പ്രകടനങ്ങളിലെ കപടഹൃദയമോ, പ്രകടനമില്ലാത്ത നിഷ്കപട ഹൃദയമോ ഏതാണ് ദൈവ തിരുമുമ്പാകെ വിലപ്പെട്ടതെന്ന് ഈശ്വരൻ തന്നെ വിധിക്കട്ടെ.

ഒരിക്കൽ ഞാനും റ്റി. എം. ചാക്കോയും കൂടി തിരുമേനിയെ കാണുന്നതിന് പുത്തൻകാവിനു പോയി. ബസ്സിൽ നിന്നിറങ്ങിയപ്പോൾ കണ്ടത് അദ്ദേഹം വേലക്കാരുടെയിടയിൽ നിന്നുകൊണ്ട് എല്ലാവർക്കും അന്നത്തെ കൂലി കൊടുക്കുന്നതാണ്. പള്ളിക്കൂടം പണി നടക്കുകയാണ്. അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും കൂലി വാങ്ങുന്നതാണ് അവർക്കിഷ്ടമെന്ന് ഞങ്ങൾ ആരാഞ്ഞപ്പോൾ മനസ്സിലായി. ഞങ്ങളെ കണ്ട ഉടനെ കാപ്പിയും പലഹാരവും കൊണ്ടുവരുന്നതിന് ആളിനെ വിട്ടു കഴിഞ്ഞു. വരാന്തയിൽ നിന്നു കൊണ്ട് തന്നെ കാപ്പി കഴിച്ചു തിരുമേനിയും ഞങ്ങളുടെ കൂടെ കാപ്പികുടിച്ചു. അദ്ദേഹം സ്കൂളിലായിരുന്നു താമസം ശയന മുറിയും സന്ദർശക മുറിയും എല്ലാം ഒരേ ക്ലാസിൽ. ക്ലാസുകൾ തമ്മിൽ ഭിത്തി കൊണ്ട് വേർതിരിച്ചിരുന്നില്ലെന്നാണ് എന്റെ ഓർമ്മ. രണ്ടു ബഞ്ചുകൾ അടുപ്പിച്ചിട്ടതു കട്ടിലായും, ഒരു ചവുക്കാളം മെത്തയായും ഒരു ചെറിയ കുഷ്യൻ തലയിണയായും ഉപയോഗിച്ചിരുന്നു. ഭക്ഷണം വീട്ടുകാർ ആരോ കൊണ്ടുവന്നു കൊടുത്തിരുന്നു. കസേരയില്ല ബഞ്ചുമാത്രമാണ് സന്ദർശകർക്കുള്ള ഇരിപ്പടം. ഞങ്ങളോട് ഇരിക്കുവാൻ പറഞ്ഞപ്പോൾ മെത്രാച്ചന്മാരുടെ കൂടെ ഇരിക്കുകപതിവില്ലാത്ത ഞങ്ങൾക്ക് കുറച്ചു പ്രയാസം തോന്നി. നിങ്ങൾ ഇരിക്കുന്നില്ലെങ്കിൽ ഞാനും എഴുന്നേറ്റ് നിന്ന് സംസാരിക്കാം. ഉടനെ ഞങ്ങൾ ഇരുന്നു. അദ്ദേഹത്തിന്റെ വിനയം എത്രമാത്രം. സമാധാന കാര്യങ്ങളെ പറ്റി ചർച്ച ചെയ്തപ്പോൾ നേരം ഇരുട്ടി. അവിടെ താമസിക്കുവാൻ പറയുന്നതിനും അദ്ദേഹം മടിച്ചില്ല. തിരികെ രാത്രി തന്നെ കോട്ടയത്ത് എത്തേണ്ടിയിരുന്നതുകൊണ്ട് ഞങ്ങൾ യാത്രയായി. പക്ഷെ അദ്ദേഹം ഞങ്ങളെ പിന്തുടർന്ന് വഴിയിലെത്തിയപ്പോഴാണ്.കാര്യം മനസ്സിലായത്. എല്ലാ ബസുകളും പോയി കഴിഞ്ഞു. ഒരു ബസുകൂടി മാത്രം ഞങ്ങൾ കൈകാണിച്ചാൽ ബസ് നിർത്തുകയില്ല. വർത്തമാനം പറഞ്ഞു നിന്നപ്പോൾ ബസ് വരുന്നു. തിരുമേനി വഴിയിൽ നിന്ന് കൈകാ

ഞങ്ങളോട് ഇരിക്കുവാൻ പറഞ്ഞപ്പോൾ മെത്രാച്ചന്മാരുടെ കൂടെ ഇരിക്കുക പതിവില്ലാത്ത ഞങ്ങൾക്ക് കുറച്ചു പ്രയാസം തോന്നി. നിങ്ങൾ ഇരിക്കുന്നില്ലെങ്കിൽ ഞാനും എഴുന്നേറ്റ് നിന്ന് സംസാരിക്കാം. ഉടനെ ഞങ്ങൾ ഇരുന്നു. അദ്ദേഹത്തിന്റെ വിനയം എത്രമാത്രം.

ണിച്ച് ബസ് നിർത്തി. നിറയെ, സൂചികുത്താനിടയില്ലാതെ ആളുകളുമായി വന്ന ബസ് തിരുമേനിയല്ലായിരുന്നുവെങ്കിൽ ഞങ്ങളെ ഉപേക്ഷിച്ചിട്ട് പോകുമായിരുന്നു. കൂരിരുട്ടത്ത് പുത്തൻകാവ് അങ്ങാടിവഴി ചെങ്ങന്നൂരേക്ക് നടക്കേണ്ടി വരുമായിരുന്നു. എത്ര മഹാമനസ്കത. എത്ര സ്നേഹസമ്പന്നൻ, ആർഭാടരഹിതൻ. മുപ്പത് വർഷം മുമ്പ് എത്ര പരിഷ്കൃതാശയൻ. ഇപ്പോൾപോലും വിരളമായി കാണുന്ന സ്വഭാവമുള്ള ഒരു മേൽപട്ടക്കാരൻ. പരിശുദ്ധ പിതാവേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ..

*വർഷങ്ങൾക്ക് മുൻപ് 'മലങ്കര സഭ'യിൽ പ്രസിദ്ധീകരിച്ച ലേഖനം*

# ഞങ്ങളുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞ പുത്തൻകാവിൽ കൊച്ചുതിരുമേനി

**ഷൈനി രഞ്ജിത്ത്, അടൂർ**

പുത്തൻകാവിൽ കൊച്ചുതിരുമേനി എനിക്കും എന്റെ കുടുംബത്തിനും ചൊരിഞ്ഞ അനുഗ്രഹങ്ങൾ വാക്കുകൾക്ക് അതീതമാണ്. 2006-ൽ പുത്തൻകാവ് പിരളശ്ശേരി കടത്തശ്ശേരി എം.ഡി.എൽ.പി. സ്കൂളിൽ അധ്യാപികയായി ഞാൻ വരുമ്പോൾ എന്റെ മനസ്സിൽ ചില നൊമ്പരങ്ങൾ ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് 9 വർഷങ്ങൾ ആയിട്ടും എനിക്ക് ഒരു കുട്ടി ഇല്ലാത്തതാണ് അതിനു കാരണം. പുത്തൻകാവിൽ കൊച്ചുതിരുമേനിയെപ്പറ്റി അധികം അറിയാത്ത എനിക്ക് തിരുമേനിയുടെ വിശുദ്ധ ജീവിതത്തെക്കുറിച്ച് പലരും പറഞ്ഞ് മനസ്സിലാക്കുവാൻ സാധിച്ചു. ഞാൻ നിത്യവും തിരുമേനിയുടെ കബറിടത്തിൽ പോയി എനിക്ക് ഒരു കുഞ്ഞിനെ തരണമെന്ന് പ്രാർത്ഥിച്ചു. എന്റെ പ്രാർത്ഥനയ്ക്ക് ഫലമുണ്ടാകുമെന്ന് എന്റെ മനസ്സ് ഉറപ്പിച്ചു പറയുന്നതായി എനിക്ക് തോന്നി. കുട്ടികൾ ഉണ്ടാകാൻ ഞാൻ ഒരു ചികിത്സയ്ക്കും പോയില്ല. തിരുമേനിയുടെ അനുഗ്രഹം എനിക്ക് ഉണ്ടായി. 2008-ൽ എനിക്ക് ഒരു കുഞ്ഞിനെ ദൈവം നൽകി. എന്റെ ഭർത്താവ് ഗൾഫിലെ ജോലി രാജിവെച്ച് എന്നോടൊപ്പം ആ കാലങ്ങളിൽ ഉണ്ടായിരുന്നു.



ഷൈനി രഞ്ജിത്ത് ഭർത്താവ് രഞ്ജിത്ത് ജോർജ്ജ് മക്കളായ ജൂബേൽ, ജോനാദാൻ, ജോഹന്ന എന്നിവർക്കൊപ്പം

പ്രസവശേഷം ഞാൻ തിരുമേനിയോട് എന്റെ ഭർത്താവിന് നല്ല ഒരു ജോലി നൽകണമെന്ന് പ്രാർത്ഥിച്ചു. എന്റെ ഭർത്താവിന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് ഉപരിയായി ഒരു ജോലി ലഭിച്ചു. പിന്നീട് പുത്തൻകാവ് സ്കൂളിൽ വരുമ്പോൾ തിരുമേനിയോട് കബറിടത്തിൽ കയറി എനിക്ക് ഒരു കുഞ്ഞിനെ കൂടി നൽകാൻ അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചു. വീണ്ടും ഞാൻ ഗർഭിണിയായി എന്റെ രണ്ടാമത്തെ പ്രസവത്തിൽ എന്റെ ഭർത്താവിന് വരാൻ കഴിഞ്ഞില്ല. അദ്ദേഹം.. എനിക്ക് വേണ്ടി പ്രാർത്ഥിച്ച് കഴിഞ്ഞു. എനിക്ക് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ 2012 - ൽ ദൈവം ഇരട്ടക്കുട്ടികളെ ആണ് നൽകിയത്.

**ഷൈനി രഞ്ജിത്ത്,**
വാഴവിളയിൽ മിസ്പാ ഹൗസ്
അടൂർ പി.ഒ., അടൂർ

ഒരു മാസം കഴിഞ്ഞ് എന്റെ ഭർത്താവിന് പുത്തൻകാവിൽ കൊച്ചു തിരുമേനി രാത്രിയിൽ അത്ഭുതകരമായ ഒരു ദർശനം നൽകി. അദ്ദേഹത്തിന് തിരുമേനി വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നത് കാണാനും കുർബ്ബാനയ്ക്കു ശേഷം മൂന്ന് ധൂപക്കുറ്റികൾ എന്റെ ഭർത്താവിന്റെ നേരെ നീട്ടി. ഈ 3 ധൂപക്കുറ്റികൾ ദൈവം ഞങ്ങൾക്ക് നൽകിയ 3 മക്കളായി ഞങ്ങൾ വിശ്വസിക്കുന്നു. ഈ ദർശനം ഞങ്ങളുടെ ജീവിതത്തിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന വിശുദ്ധ പിതാവിന്റെ അനുഗ്രഹം എത്രമാത്രമാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. എന്റെ ഭർത്താവ് നാട്ടിൽ വന്നപ്പോൾ ഞങ്ങൾ പുത്തൻകാവ് പള്ളിയിൽ ചെന്ന് ഞങ്ങളുടെ മൂന്ന് കുട്ടികളുടെ പേരിൽ മൂന്നു ധൂപകുറ്റികൾ നേർച്ച നൽകി. എന്നും ആ വിശുദ്ധ കബറിടത്തിൽ ധൂപങ്ങൾ ഉയരട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിച്ചു. അടൂരിൽ ഒരു ഭവനം നിർമ്മിക്കുന്നതിനും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹങ്ങൾ എന്റെ കുടുംബത്തിന് ഉണ്ടായിരുന്നു. ഞങ്ങളുടെ കുടുംബത്തിന് എക്കാലവും തിരുമേനിയുടെ മദ്ധ്യസ്ഥത ഉണ്ടാകണമേ എന്ന് പ്രാർത്ഥിക്കുന്നു.

**(അനവധി അനുഭവ സാക്ഷ്യങ്ങൾ ഉണ്ടെങ്കിലും സുവനീർ കമ്മറ്റി തീരുമാന പ്രകാരം ഈ അനുഭവ സാക്ഷ്യം മാത്രം പ്രസിദ്ധീകരിക്കുന്നു.)**

# സാന്നിധ്യംകൊണ്ട് അനേകരെ സന്തോഷിപ്പിക്കുന്ന പുണ്യ പിതാവ്



**ഫാ. വിനോദ് ജോർജ്,**
ആസ്ട്രേലിയ (ആറാട്ടുപുഴ
സെന്റ് മേരീസ് പള്ളിഇടവകാംഗം)

> തിരുമേനിയുടെ കബറിടത്തിനു തൊട്ടുമുമ്പിലെ തിരുമേനിയുടെ നാമത്തിലുള്ള സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസം നടത്തുവാൻ അനുഗ്രഹം ലഭിച്ചതിലുള്ള അഭിമാനം ഞാൻ ഇവിടെ എടുത്തുപറയട്ടെ. എന്റെ ഓർമ്മവെച്ചനാൾ മുതൽ ബാല്യകാലത്തിന്റെ ഭൂരിഭാഗവും കൊച്ചുതിരുമേനിയുടെ കബറിടവും പരിസരവും എന്റെ ശ്രദ്ധാകേന്ദ്രങ്ങളായിരുന്നു. അവിടെ നിന്നുയരുന്ന ആത്മീയ പ്രകാശത്തിന്റെയും സന്തോഷ രശ്മികളുടെയും കിരണങ്ങൾ എല്ലാ ദിവസവും ആസ്വദിക്കുവാൻ ദൈവം എന്നെ അനുവദിച്ചു.

ജീവിച്ചിരിക്കുമ്പോഴും കാലം ചെയ്തതിനുശേഷവും അനേകർക്ക് സന്തോഷവും ആഹ്ലാദവും പകരാൻ കഴിയുന്നത് പരിശുദ്ധാത്മാവിന്റെ അവർണ്ണനീയ നിറവുള്ളവർക്ക് മാത്രം സാധിക്കുന്നതാണ്. അങ്ങനെയുള്ള പുണ്യപിതാക്കന്മാരുടെ ഒരു നീണ്ടനിര തന്നെ മലങ്കര സഭാ ചരിത്രത്തിൽ നമുക്ക് കാണാം. ആ നിരയിൽ അഗ്രഗണ്യനായിരുന്നു പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചു തിരുമേനി.

തിരുമേനിയെക്കുറിച്ച് എഴുതിയിട്ടുള്ള പുസ്തകങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും എല്ലാം തിരുമേനിയുടെ വ്യക്തിത്വത്തെ വിവരിക്കുന്ന നിരവധി വിശേഷണങ്ങൾ ഉണ്ട്. മികച്ച വാഗ്മി, മികച്ച ഗായകൻ, മികച്ച അധ്യാപകൻ, മികച്ച ഭരണാധികാരി, മികച്ച സ്പോർട്സ്മാൻ, മാതൃക മെത്രാപ്പോലീത്താ, സാമീപ്യം കൊണ്ട് സന്തോഷം പകരുന്ന വ്യക്തി അങ്ങനെപോകുന്നു വിശേഷണങ്ങൾ.

ഇതിൽ ഏറ്റവും ശ്രദ്ധേയമായി എനിക്ക് അനുഭവപ്പെട്ടത് സാമീപ്യം കൊണ്ട് സന്തോഷം പകരുന്ന വ്യക്തി എന്നതാണ്. തങ്ങളുടെ സാന്നിധ്യവും സാമീപ്യവും അനേകർക്ക് സന്തോഷത്തെയും ആഹ്ലാദത്തെയും പകർന്നു കൊടുക്കുവാൻ പര്യാപ്തമാകുന്നു എന്നത് വളരെ അപൂർവ്വമായി കാണുന്ന വ്യക്തിത്വങ്ങളുടെ സവിശേഷതയാണ്. ചുരുങ്ങിയ കാലം മാത്രമാണ് ജീവിച്ചിരുന്നതെങ്കിലും തന്നിലേക്ക് അനേകരെ അടുപ്പിക്കുവാൻ കഴിയുന്ന ആകർഷണ ശക്തിയുള്ള ഒരു പിതാവായിരുന്നു പുത്തൻകാവിൽ തിരുമേനി. ജീവിച്ചിരുന്നപ്പോൾ തിരുമേനിയുടെ സാമീപ്യം, ശബ്ദം, വാക്കുകൾ, പെരുമാറ്റം, പുഞ്ചിരി തുടങ്ങിയവയെല്ലാം അദ്ദേഹത്തിലേക്ക് അനേകരെ അടുപ്പിച്ചെങ്കിൽ, കാലം ചെയ്തതിനുശേഷവും അദ്ദേഹത്തിന്റെ കബറിടത്തിൽ ചെല്ലുന്നവർക്ക് ആ സാമീപ്യത്തിന്റെ സന്തോഷവും സമാധാനവും ലഭിക്കുന്നു. അതുകൊണ്ടാണ് ആ പുണ്യകബറിടത്തിൽ പോകുവാൻ വീണ്ടും നാം ആഗ്രഹിക്കുന്നത്.

തിരുമേനിയുടെ കബറിടത്തിനു തൊട്ടുമുമ്പിലെ തിരുമേനിയുടെ നാമത്തിലുള്ള സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസം നടത്തുവാൻ അനുഗ്രഹം ലഭിച്ചതിലുള്ള അഭിമാനം ഞാൻ ഇവിടെ എടുത്തുപറയട്ടെ. എന്റെ ഓർമ്മവെച്ചനാൾ മുതൽ ബാല്യകാലത്തിന്റെ ഭൂരിഭാഗവും കൊച്ചുതിരുമേനിയുടെ കബറിടവും പരിസരവും എന്റെ ശ്രദ്ധാകേന്ദ്രങ്ങളായിരുന്നു. അവിടെ നിന്നുയരുന്ന ആത്മീയ പ്രകാശത്തിന്റെയും സന്തോഷ രശ്മികളുടെയും കിരണങ്ങൾ എല്ലാ ദിവസവും ആസ്വദിക്കുവാൻ ദൈവം എന്നെ അനുവദിച്ചു.

ആ കബറിടം ആത്മീയ സന്തോഷത്തിന്റെയും ഭൗതികാഭിവൃദ്ധിയുടെയും കേന്ദ്രമാണ്. അനേകർക്ക് ആശ്വാസവും ചോദ്യങ്ങളുടെ ഉത്തരവുമാണ്. നിരാശയാലും ഭാരത്താലും വരുന്നവർക്ക് സമാധാനവും സന്തോഷവും നൽകി തിരിച്ചയ്ക്കുന്ന പുണ്യ ഇടമാണ്. ജനമനസ്സുകൾക്ക് ആ പുണ്യപിതാവ് ആത്മീയ നിർവൃതിയുടെ പര്യായമായി മാറുന്നതിന്റെ കാരണവും അതുതന്നെയാണ്.

എന്റെ എല്ലാ അവധിക്കാലത്തും തിരുമേനിയുടെ കബറിടം നിത്യസന്ദർശന സ്ഥലവും പ്രാർത്ഥനാകേന്ദ്രവുമാണ്. എന്റെ മാതൃ ഇടവകയായ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ നിന്നാണ് ആ പുണ്യപിതാവിന്റെ കബറിടത്തിലേക്ക് ആദ്യമായി പദയാത്ര സംഘടിപ്പിച്ചത് എന്നതിൽ ഞാൻ അഭിമാനിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.



ഏബ്രഹാം തോമസ് (അനി)
അയിരുക്കുഴിയിൽ




# പ്രണാമം

ദൈവമെന്ന വെളിച്ചത്തെ തേടി
ഞാൻ നടന്നു നീങ്ങവേ
കണ്ടു ഞാൻ ലോകമാം വെളിച്ചം
വെളിച്ചമെനിക്കു ശാപമായ് തീർന്നിതാ
ഇരുളും വെളിച്ചവും വ്യത്യാസമില്ലാതെ
ദൈവസൃഷ്ടികൾ തലകീഴായ് മറിയ്ക്കുന്നീലോകം
ഭയന്നോടി തളർന്നു ഞാൻ പാപത്തിൻ ഭാരത്താൽ
വീണു കിടന്നു തേങ്ങി നിരങ്ങി
എത്തി ഞാൻ നിൻ കബറിങ്കൽ
കത്തി ശോഭിക്കുന്ന ആയിരം തിരികൾ നടുവിൽ
നിവർന്നു നിൽക്കാൻ കഴിയാതെ വീണു കിടന്നു
സ്വയമെൻ പാപഭാരങ്ങളോർത്തു തേങ്ങവേ
ദൈവീകമൂല്യങ്ങൾ മറന്നു ജീവിച്ച
വഴിയോർത്തു സ്വയം ശപിച്ചു ഞാൻ
മകനെ എന്നുള്ള വിളി കേട്ട്
ഈറനണിഞ്ഞ കണ്ണുകളാൽ നോക്കി നിൻ ഛായചിത്രത്തിൽ
കണ്ണിമെയ്ക്കാതെ എന്നെ നോക്കുന്നതും കണ്ടു
ഭയന്നു ഞാൻ നിൻ സമീപത്ത് നിന്നു
കൈകൾ നീട്ടി എന്നേ നീ ഉയർത്തി
പാപത്തിൻ ഭാരം സ്വയമേ മാറിപ്പോയി
ദൈവീക സ്നേഹമെന്നിൽ നിറഞ്ഞിതാ
ആത്മനിർവ്വതിയിൽ ലയിച്ചു ഞാൻ
നിൻ ചിത്രത്തിൻ മുൻപിൽ പ്രണമിച്ചു.
പൊന്നുതിരുമേനി നിൻ മാർഗ്ഗം
തേടി ഞങ്ങൾ അണയുന്നു
നിൻ കബറിങ്കൽ തിരികൊളുത്താൻ
നീ കാട്ടിതന്ന പാതയിൽ
വിശ്വാസത്തിൻ പാതയിൽ
ഇടറാതെ പതറാതെ
കാതോലിക്കേറ്റിന്റെ കൊടികൾ എന്തി
തളരാതെ പിൻതുടരുന്നിതാ ഞങ്ങൾ
നാഥൻ കൽപ്പിച്ച കൽപ്പനകളെ
സ്വയമേ ജീവിതത്തിൽ പകർത്തി
സഭ തൻ കാതോലിക്കേറ്റ് രത്നദീപ-
മായി തിളങ്ങി ശോഭിച്ചിടും എക്കാലവും
സഭ തൻ മക്കളിൽ പൊന്നു തിരുമേനി.



# അന്ത്യയാത്ര



ഫാ.ഡോ. പി.എസ്. ശമുവേൽ കോർ-എപ്പിസ്കോപ്പാ

(ശെമ്മാശൻ ആയിരുന്ന കാലത്ത് 1951-ൽ എഴുതിയ ലേഖനം)

മലങ്കരയിലെ വടക്കൻ ഇടവകകളായ പഴഞ്ഞി, കുന്നംകുളം മുതലായ സ്ഥലങ്ങളിൽ ആണ്ടുതോറും പോയി സുവിശേഷമഹായോഗങ്ങൾ നടത്തുകയെന്നുള്ളത് പുത്തൻകാവിലെ കൊച്ചുതിരുമേനിക്ക് അത്യന്തം ആഹ്ലാദപ്രദമായ ഒരു കാര്യമായിരുന്നു. വലിയനോമ്പ് പകുതിയായി, നാറുന്ന ചേറുനീക്കി ഭൂമി ശുദ്ധീകരിച്ച് പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നട്ടുപിടിപ്പിച്ച് വളർത്തി ഉയർത്തിക്കൊണ്ടു വന്ന മുന്തിരിലവള്ളിപോലെ ശോഭിച്ചുകൊണ്ടിരിക്കുന്ന ബഥേൽ ദേവാലയത്തിൽ അന്ന് വിശുദ്ധ കുർബ്ബാന അണക്കുന്നതിന് വൈദീകന്മാരെ കിട്ടിയില്ല. ശരീരസുഖം ഇല്ലാതിരുന്നിട്ടും, യാത്രാവ്യഗ്രത ഉണ്ടായിരുന്നിട്ടും തിരുമനസ്സുകൊണ്ടു തന്നെ ആ ദിവ്യകർമ്മം അനുഷ്ഠിച്ച് ആ ദേവാലയത്തെ അന്ത്യമായി അനുഗ്രഹിച്ചു. അന്ന് ഏപ്രിൽ 4 ആയിരുന്നു സുവിശേഷഘോഷണയാത്രക്ക് അദ്ദേഹം അതിവേഗത്തിൽ ഒരുക്കം തുടങ്ങി. പെട്ടെന്ന് തിരുമനസ്സിന്റെ ഹൃദയത്തിൽ കൂടി ഒരു വിചാരം പാഞ്ഞു. പഴഞ്ഞിയിലെ കാക്കു അച്ചൻ രോഗക്കിടക്കയിലാണെന്ന്. ഒരു വേള അന്ത്യകൂദാശ ചെയ്യേണ്ടതായി വന്നെങ്കിലോ എന്ന്. കന്തീലാപുസ്തകം അന്വേഷിച്ചപ്പോൾ അത് ഒന്നരമൈൽ അകലേയുള്ള പുത്തൻകാവ് വലിയപള്ളിയിലെ വിശ്രമമുറിയിലാണ്. ഉടനെത്തന്നെ പുത്തൻകാവിലേക്കു എഴുന്നെള്ളി കന്തീലാപുസ്തകവുമായി ബഥേലിൽ തിരിച്ചെത്തി. പകൽ പത്തുമണിയോടുകൂടി തിരുമനസ്സുകൊണ്ട് പഴഞ്ഞിയിലേക്ക് തിരിച്ചു. ഉച്ചനമസ്ക്കാരത്തിന്റെ സമയത്ത് തിരുമനസ്സിലെ മോട്ടോർ കാർ എം.ഡി. സിമ്മനാരി ചാപ്പലിന്റെ മുൻ ഭാഗത്ത് ചെന്നുനിന്നു. ഭക്ഷണത്തിലും ശരീരായാസത്തിലും ക്രമവും, സൂഷ്മതയും പാലിക്കണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിരുന്നു. എങ്കിലും അന്നു തിരുമനസ്സുകൊണ്ടു പരിപൂർണ്ണമായ നോമ്പ് ആചരിക്കുകയും ചാപ്പലിൽ കയറി അനേകപ്രാവശ്യം കുമ്പിട്ടു നമസ്ക്കരിക്കുകയും ചെയ്തു. അനന്തരം തിരുമനസ്സുകൊണ്ട് പഴയ സിമ്മനാരിയിലേക്ക് എഴുന്നെള്ളി. തന്റെ വടക്കൻ യാത്രയെക്കുറിച്ചും മറ്റും കാതോലിക്കാ ബാവാ തിരുമേനിയുമായി സംഭാഷണം നടത്തി, തിരുമേനിയുടെ അനുവാദവും വാങ്ങി കൊച്ചുമെത്രാച്ചൻ ഉത്തരതിരുവിതാംകൂറിലേക്ക് തിരിച്ചു. മാർഗ്ഗമദ്ധ്യേ തിരുമനസ്സുകൊണ്ട് നി.വ.ദി. ശ്രീ. മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അരമനയിൽ കയറി കാപ്പി മേശയിൽ പങ്കുകൊള്ളുകയുണ്ടായി. അന്നുരാത്രി തിരുമനസ്സുകൊണ്ട് ആലുവാ ഫെലോഷിപ്പ് ഹൗസിൽ മിസ്റ്റർ മാത്യു പി. ജോണിന്റെ കൂടെ താമസിച്ചു.

ഏപ്രിൽ 5 നു രാവിലെ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജ് സന്ദർശിക്കുകയും. മിസ്റ്റർ ടി. സി. ജോസഫുമായി ദീർഘസമയം സംസാരിക്കുകയും ചെയ്തു. അനന്തരം ഏകദേശം ഒരു മണിയോടുകൂടി തിരുമേനി തൃശ്ശൂർ ഡോക്ടർ ചീരൻ വർഗ്ഗീസിന്റെ വസതിയിലെത്തി. ഡോക്ടർ വർഗ്ഗീസുമായി പല കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു. ഡോക്ടർ വർഗ്ഗീസിന് തിരുമനസ്സിലെ ആരോഗ്യത്തെക്കുറിച്ച് വളരെയധികം ആശങ്കയുണ്ടായിരുന്നതിനാൽ അദ്ദേഹം തിരുമനസ്സിലേക്ക് പല നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. എന്നുതന്നേയല്ല ഏപ്രിൽ 16-നു തിരുമനസ്സുകൊണ്ട് കുന്നംകുളത്തുനിന്ന് തിരിച്ചെഴുന്നള്ളുമ്പോൾ വീണ്ടും തന്റെ ഭവനം സന്ദർശിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തിരുമേനി ശെമ്മാശ്ശനായിരിക്കുമ്പോൾ തന്നെ ഡോക്ടർ വർഗ്ഗീസിന് തിരുമേനിയുമായി വളരെ അടുത്ത് പരിചയമുണ്ടായിരുന്നു എന്നുള്ളത് ഈ അവസരത്തിൽ സ്മരണീയമാണ്. അന്ന് നാലര മണിയോടുകൂടി